www.malankaralibrary.com

മാർ ജോർജ്ജ് ആലഞ്ചേരി | കാലത്തിന്റെ അടയാളങ്ങൾ | നിർമ്മല ശിശുഭവൻ

# കാരുണികൻ

Vol. 8 No.05 May 2011

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



ഭ്രാന്തു പിടിച്ച ചങ്ങലകൾ

www.malankaralibrary.com



വിശ്വാസ്യത നഷ്ടപ്പെടുന്ന പൊതുസ്ഥാപനങ്ങളാണ് ഇത്തവണത്തെ വിഷയം. പൊതുജനത്തിന്റെ നന്മക്കായി പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ഇതിന്റെ പരിധിയിൽ വരും- രാഷ്ട്രീയക്കാരും, കോടതിയും, മാധ്യമങ്ങളും. ഈ സ്ഥാപനങ്ങളൊക്കെ അഴിമതിക്ക് കൂട്ടുനിൽക്കുകയും പണസ്വാധീനത്തിന് അടിപ്പെടുകയും ചെയ്യുമ്പോഴാണ് ജനത്തിന് അവയിലുള്ള വിശ്വാസം നഷ്ടമാകുന്നത്.

പൊതുനന്മയും സാമൂഹ്യനീതിയും ലക്ഷ്യമാക്കി ദൈവരാജ്യസ്ഥാപനത്തിനായി അധ്വാനിക്കുന്ന സഭാസ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥയോ? സഭയിലും സഭാസ്ഥാപനങ്ങളിലും ജനത്തിനുള്ള വിശ്വാസത്തിന് ഇളക്കം തട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രതിവിധികൾ ആരായേണ്ട സമയമായില്ലേ?


# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക


---


**വിലാസം:**

എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



കാരുണികൻ
പുസ്തകം എട്ട് ലക്കം അഞ്ച്
2011 മെയ്

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
ജാസ്മിൻ ജേക്കബ്

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## സഭയ്ക്കുള്ളിലൊരു 'ജന ലോക്പാൽ'

ഭാരതീയന്റെ രാഷ്ട്രീയതയുടെ ഹൃദയം മഹാത്മഗാന്ധിയായിരുന്നു. അതുകൊണ്ടുതന്നെ ഈ രാഷ്ട്രത്തെയും വരാനിരിക്കുന്ന സമൂഹത്തെയും രാഷ്ട്രീയക്കാർ രക്ഷിക്കുമെന്ന് അവർ പ്രതീക്ഷിച്ചു; ആ പ്രത്യാശയിൽ അവർ രാഷ്ട്രീയക്കാരെ ബഹുമാനിച്ചു, ആദരിച്ചു. ഗാന്ധിജിയും, നെഹ്റുവും, പട്ടേലും, രാജേന്ദ്രപ്രസാദുമൊക്കെ അവരുടെ ഭിത്തികളിൽ സ്ഥാനം പിടിച്ചു; തിരുസ്വരൂപങ്ങളുടെ ഒപ്പം. എന്നാൽ ഇതെല്ലാം വ്യർത്ഥമായ വ്യാമോഹമാണെന്ന് തിരിച്ചറിയാൻ അധികനാളുകൾ വേണ്ടി വന്നില്ല.

പിന്നീട് പൊതുജനത്തിന്റെ പ്രത്യാശ കോടതിയിലായിരുന്നു. രാഷ്ട്രീയക്കാർ സംരക്ഷിക്കാൻ മറന്ന തങ്ങളുടെ അവകാശങ്ങളും നീതിയും ജുഡീഷ്യറി കാത്തുരക്ഷിക്കുമെന്ന് ജനം പ്രത്യാശിച്ചു. രാഷ്ട്രീയക്കാരുടെ വഴിവിട്ടപോക്കുകളെ കോടതി നിയന്ത്രിക്കുമെന്ന അത്യാഗ്രഹവും ജനം വച്ചുപുലർത്തി. എന്നാൽ അതും അസ്തമിക്കാൻ അധികനാൾ വേണ്ടി വന്നില്ല.

നിരായുധരായ പൊതുജനത്തിന്റെ അവസാനത്തെ പ്രതീക്ഷ മാധ്യമങ്ങളിലായിരുന്നു. തങ്ങൾക്കു നിഷേധിക്കപ്പെട്ട നീതിയും, തങ്ങളുടെ നഷ്ടപ്പെട്ട അവകാശങ്ങളും മാധ്യമങ്ങൾ യുദ്ധംചെയ്തു തിരിച്ചു വാങ്ങിത്തരുമെന്ന് ജനം പ്രതീക്ഷിച്ചു. ടിവിയിലെ വൈകുന്നേര ചർച്ചകളും, വാദപ്രതിവാദങ്ങളും ഈ പ്രത്യാശയെ ജ്വലിപ്പിച്ചു നിർത്തി. എന്നാൽ റാഡിയാ ടേപ്പ് പുറത്തുവന്നതോടെ ആ സ്വപ്നവും അവസാനിച്ചു. കാണുന്നതെല്ലാം വെറും നാടകമാണെന്നും, സ്റ്റേജിലെ ഭീമനും കീചകനും, പിന്നണിയിൽ സുഹൃത്തുക്കളാണെന്നുമുള്ള തിരിച്ചറിവാണ് ജനത്തിന്റെ ആത്മവിശ്വാസവും പ്രതീക്ഷയും തകർത്തുകളഞ്ഞത്.

പൊതുജനത്തെയും അവരിലെ ദുർബലരെയും സംരക്ഷിക്കേണ്ട പൊതുസ്ഥാപനങ്ങൾ ഓരോന്നോരോന്നായി അതിൽ വീഴ്ച വരുത്തുന്ന

www.malankaralibrary.com

അനുഭവത്തിലൂടെയാണ് സാധാരണ ജനം ഇന്ന് കടന്നുപോകുന്നത്. രാഷ്ട്രീയ സംവിധാനവും, ജ്യുഡീഷ്യറിയും, മാധ്യമങ്ങളും ആ ഗണത്തിൽപ്പെട്ടുകഴിഞ്ഞു.

ദരിദ്രരുടെയും, അഗതികളുടെയും, നിരാലംബരുടെയും സംരക്ഷണം സുവിശേഷ പ്രമാണമായി കരുതുന്നവളാണ് കത്തോലിക്കാ സഭ. അതിനെ ജീവിതവ്രതമായി ഏറ്റെടുക്കുന്നവരാണ് സഭയിലെ സന്യസ്തർ. സാമൂഹ്യസ്ഥാപനങ്ങളിലുള്ള ജനവിശ്വാസം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, ജനം സഭയിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിന്റെ അവസ്ഥ എന്താണ്?

പ്രശസ്തമായൊരു സ്കൂൾ. കിൻഡർഗാർട്ടൻ മുതൽ പ്രവേശനത്തിനു തിരക്കാണിവിടെ. അതിനാൽ തന്നെ കാശു കൊടുക്കാമെന്നുവച്ചാലും ഒരു സീറ്റുകിട്ടുക അത്ര എളുപ്പമല്ല. യോഗ്യതക്കു പുറമെ കാശും, കാശിനു പുറമെ ശുപാർശയും, ഇതിനെല്ലാം പുറമെ പ്രിൻസിപ്പാളിന്റെ സന്മനസ്സും കൂടി ഉണ്ടെങ്കിലേ കിൻഡൻ ഗാർട്ടനിൽ പോലും ഒരു സീറ്റു തരപ്പെടുത്താനാവൂ. ഇത്തവണ പെട്ടെന്ന് അദ്ദേഹം ക്യാപ്പിറ്റേഷൻ ഫീസ് 3 ലക്ഷത്തിലേക്ക് ഉയർത്തി. കുറെ മാതാപിതാക്കൾ പ്രതിഷേധവുമായി എത്തിയപ്പോൾ മനസ്സില്ലാമനസ്സോടെയാണ് അദ്ദേഹം തുക അല്പമൊന്നു കുറച്ചത്.

മേജർ ആർച്ചുബിഷപ്പായിരുന്ന വർക്കി പിതാവ് പറയുന്നു: "കത്തോലിക്കാസ്ഥാപനങ്ങൾ അധ്യാപക നിയമനത്തിനും, വിദ്യാർത്ഥിപ്രവേശനത്തിനും പണം വാങ്ങരുതെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചിലരെന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല" (*തുറന്ന മനസ്സോടെ*, പേജ് 67).

പഴയൊരു ബി.എഡ് കോളേജ്. ഒഴിവുവന്ന അധ്യാപകസീറ്റിലേക്ക് അനേകർ അപേക്ഷിച്ചു. മറ്റൊരു സ്വാശ്രയ ബി.എഡ് കോളേജിലെ അധ്യാപകനായ ഷാജിയും അപേക്ഷ വച്ചു. ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ടു. മെറിറ്റ് മാത്രമാണ് മാനദണ്ഡമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഒന്നു രണ്ടു ശുപാർശകൾ ചെയ്യിക്കാൻ മറന്നില്ല. ഇന്റർവ്യൂവിലും നമ്മുടെ സാർ നല്ല പ്രകടനം കാഴ്ചവച്ചു. കാരണം ആ യൂണിവേഴ്സിറ്റി ഉപയോഗിക്കുന്ന രണ്ട് ടെക്സ്റ്റ് ബുക്കുകൾ സാർ തയ്യാറാക്കിയതാണ്. ഫലം വന്നപ്പോഴല്ലേ രസം; സാർ പുറത്ത്. ഈയിടെ കഷ്ടിച്ചു പാസായ മറ്റൊരാൾക്ക് സീറ്റ്.

രഹസ്യമായി കാര്യം അന്വേഷിച്ചപ്പോൾ സത്യം വെളിച്ചത്തായി. മാസങ്ങൾക്ക് മുമ്പുതന്നെ സീറ്റ് വിൽക്കപ്പെട്ടിരുന്നു- പത്ത് ലക്ഷത്തിന്. സർക്കാരിൽ നിന്നും ശമ്പളം ലഭിക്കുന്ന എയിഡഡ് കേളേജിലാണ് ഇതു നടക്കുന്നതെന്ന് ഓർക്കണം. പോരാ, സ്ഥലത്തെ കളക്ടർ കൂടി ഉൾപ്പെട്ട ബോർഡാണ് നിയമന തീരുമാനം എടുത്തതെന്നുകൂടി അറിയുമ്പോഴാണ് അഴിമതിയുടെ കെട്ടുപിണയൽ തിരിച്ചറിയാൻ സാധാരണക്കാരന് കഴിയാതെ പോകുന്നത്.

വർക്കി പിതാവ് പറയുന്നു: "എത്രയോ വലിയ അനീതിയാണ് യോഗ്യതയുണ്ടായിട്ടും പണം നൽകാൻ ശേഷിയില്ലാത്തതിന്റെ പേരിൽ ഒരാൾക്ക് ജോലി നിഷേധിക്കുന്നതും ആ ജോലി പണം നൽകുന്ന ആൾക്ക് കൈമാറ്റം ചെയ്യുന്നതും. യോഗ്യതയുള്ളയാളെ ഇത്തരം പ്രവൃത്തികൾ എത്രമാത്രം വേദനിപ്പിക്കും?" (*തുറന്ന മനസ്സോടെ*, പേജ് 66). അതിലുപരി യോഗ്യത കുറഞ്ഞവരൊക്കെ അധ്യാപകകസേരകളിൽ സീറ്റുറപ്പിക്കു

www.malankaralibrary.com

മ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എവിടെ ചെന്നവസാനിക്കും!

മറ്റൊരു എയ്ഡഡ് കോളേജ്. ബി. കോമിനാണ് ഏറ്റവും വലിയ തിരക്ക്. ലക്ഷങ്ങൾ കൊടുത്താൽ സീറ്റ് ഉറപ്പാക്കാം. കാശ് വാങ്ങാനും സീറ്റ് തരപ്പെടുത്താനും കോളേജിന് പുറത്ത് ഏജൻസികളുണ്ട്. കോളേജ് പ്രിൻസിപ്പളും മാനേജ്മെന്റും ഇതിലൊന്നും നേരിട്ട് ഇടപെടില്ല എന്നതാണ് ഏറ്റവും രസകരമായ കാര്യം. കൈ നനയാതെ മീൻ പിടിക്കുന്ന തന്ത്രമാണിത്. കൈപോലും നനയുന്നില്ലെന്ന് ആശ്വസിക്കുമ്പോഴും ദേഹം മുഴുവൻ ചേറായി നാറുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

ഇത്തരം അപഭ്രംശങ്ങൾ ഒഴിവാക്കാൻ എന്താണൊരു പോംവഴി? അത് വർക്കി പിതാവു തന്നെ നിർദ്ദേശിക്കുന്നുണ്ട്. "എന്റെ അതിരൂപതയിൽ ഞങ്ങളത് ചെയ്യുന്നുണ്ട്. ഇത്തരം കാര്യങ്ങളുടെ മേൽനോട്ടം വഹിക്കാനും എന്തെങ്കിലും തെറ്റായകാര്യം കണ്ടാൽ അത് ആർച്ചു ബിഷപ്പിന് റിപ്പോർട്ട് ചെയ്യാനും ഞങ്ങൾ ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്" (*തുറന്ന മനസ്സോടെ*, പേജ് 67).

പല രൂപതകളും കാര്യം ഗൗരവത്തോടെ എടുക്കുന്നുണ്ടെന്നതാണ് സത്യം. എന്നാൽ, കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും രൂപതകളുടെ കീഴിലല്ലല്ലോ.

ഉത്തരിപ്പു കടമെന്ന പഴയ വിശ്വാസം പെട്ടെന്നു നാം മറന്നു കളയരുത്. തമ്പുരാന്റെ മുമ്പിൽ നമ്മൾ കണക്കു കൊടുക്കേണ്ടി വരും. അതോടൊപ്പം സമൂഹത്തോടും കണക്കുബോധിപ്പിക്കാനുള്ള കടമ സഭയുടെ എല്ലാ പൊതുസ്ഥാപനങ്ങൾക്കുമുണ്ട്. ഒട്ടേറെ സ്ഥാപനങ്ങൾ മാതൃകാപരമായി ഇത് നിർവ്വഹിക്കുന്നുണ്ടെന്നതാണ് സത്യം. എന്നാൽ വഴിവിട്ടു പ്രവർത്തിക്കുന്ന കുറേസ്ഥാപനങ്ങളും നമ്മുടെ ഇടയിലുണ്ട്. തത്ഫലമായി സഭയിലും സഭാസ്ഥാപനങ്ങളിലുമുള്ള പൊതുജനത്തിന്റെ വിശ്വാസമാണ് കുറഞ്ഞു കുറഞ്ഞു വരുന്നത്. വിശ്വാസ്യത നഷ്ടപ്പെട്ട ജ്യുഡീഷറിയേയും, മാധ്യമങ്ങളെയുംകാൾ അപകടകരം വിശ്വാസ്യത നഷ്ടപ്പെട്ട മതമാണ്. അതുകൊണ്ട് തന്നെയാണ് അഭിവന്ദ്യ വർക്കി പിതാവിന്റെ ആഗ്രഹവും നിർദ്ദേശങ്ങളും നടപ്പിലാക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നത്: "ഈയടുത്ത നാളിലും അധ്യാപകരെ നിയമിക്കുന്നതിനും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനും സഭ പണം വാങ്ങിയിട്ടുണ്ട്. ഇങ്ങനെ സംഭാവന സ്വീകരിച്ചവരോട് അത് തിരിച്ചുകൊടുക്കാൻ പോലും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട് " (*തുറന്ന മനസ്സോടെ*, പേജ് 66, 67).

അപഭ്രംശങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി അഭിവന്ദ്യ വർക്കി പിതാവ് നിർദ്ദേശിക്കുന്ന മോനിട്ടറിങ് കമ്മറ്റിയാണ് ഏറ്റവും ആവശ്യം. വിപുലാധികാരങ്ങളുള്ള ഒരുതരം ' ജന ലോക്പാൽ' - സഭയ്ക്കുള്ളിൽ. ദൈവജനത്തിന് സഭയിലുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാനുള്ള വഴി ഇതല്ലാതെ മറ്റെന്താണ്?

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം

12


## ആലയിലേക്ക് നയിക്കാൻ മാർ ആലഞ്ചേരി

തനതായ സുവിശേഷശൈലിയിൽ അജപാലനം നിർവ്വഹിക്കുന്ന ഇടയനാണ് ആലഞ്ചേരി പിതാവ്. പി.ഒ.സി ഡയറക്ടറായും ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായും ദൗത്യനിർവ്വഹണത്തിന്റെ പുതിയ ഭൂമികകളവതരിപ്പിച്ച പിതാവ് തക്കലയുടെ മെത്രാനായിട്ട് 14വർഷം പൂർത്തിയാകുന്നു. അഭിവന്ദ്യ ആലഞ്ചേരി പിതാവുമായുള്ള അഭിമുഖം.

15

## ജീവൻ നഷ്ടപ്പെടുന്ന ശരീരം

പൊതുജീവിതത്തിന്റെ സമസ്തമേഖലകളിലും അഴിമതി കടന്നുകയറിയിരിക്കുന്നുവെന്നതാണ് ഇന്ത്യൻ പൗരനെ ഞെട്ടിക്കുന്ന യാഥാർത്ഥ്യം. രാഷ്ട്രീയ രംഗത്തും, ബ്യൂറോക്രസിയിലും അഴിമതി പണ്ടേ തന്നെ വ്യാപിച്ചു കഴിഞ്ഞിരുന്നു. സാധാരണ പൗരന്റെ അവകാശങ്ങളും നീതിയും സംരക്ഷിക്കേണ്ട ജ്യുഡീഷ്യറിയേയും അഴിമതി ഗ്രസിച്ചിരിക്കുന്ന പശ്ചാത്തലത്തെയും അന്നാ ഹസാരയുടെ 'ജന ലോക്പാൽ' ബില്ലിനേയും അന്വേഷിക്കുന്ന ലേഖനം.




16

21

## കേരളസഭയും 'കാലത്തിന്റെ അടയാളങ്ങളും'


വഴിതെറ്റലും പുഴുക്കുത്തും കേരളസഭയിലെ സ്ഥാപനങ്ങളെ ബാധിച്ചിട്ടുണ്ടോ? ചെറിയവരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും അവകാശ സംരക്ഷണം സുവിശേഷവ്രതമായി കരുതേണ്ട സഭാജീവിതത്തിന്റെ ഒരു ആനുകാലിക വിശകലനം.

18

## നാലാം തൂണിന്റെ അടിക്കല്ലിളകുമ്പോൾ..

ജനാധിപത്യത്തിലെ ഫോർത്ത് എസ്റ്റേറ്റായ മാധ്യമങ്ങൾക്ക് സംഭവിച്ചിരിക്കുന്ന അപച്യുതികളെ വിശകലനം ചെയ്യുന്ന വിമർശനാത്മകമായ ലേഖനം.

www.malankaralibrary.com





03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

36 പുസ്തകപരിചയം

38 അന്ത്യവിധി


29

## വീക്ഷണവും കഥാന്ത്യവും

രണ്ട് കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്. പി. സുരേന്ദ്രന്റെ 'മൈഥിലിയും'; ശശീന്ദ്രൻ വടകരയുടെ 'കറുപ്പൻ ബാബുവും' എന്നിവയാണ് ഈ മാസത്തെ കഥകൾ.




31

## നിർമല ശിശുഭവൻ

ആയിരക്കണക്കിനു കുട്ടികൾക്ക് ജീവിതവും സ്വപ്നങ്ങളും പകർന്നുകൊടുത്ത എറണാകുളത്തെ നിർമല ശിശുഭവന്റെ നന്മകളിലേക്ക്...

33

## കുമ്പസാര രഹസ്യം വെളിപ്പെടുത്താമോ?

പാപങ്ങൾ ഏറ്റു പറഞ്ഞ് കുമ്പസാരിച്ച ഒരാൾക്ക് കുമ്പസാരത്തിൽ വൈദികനോട് ഏറ്റുപറഞ്ഞ പാപങ്ങൾ മറ്റുള്ളവരോട് വെളിപ്പെടുത്തുന്നതിന് കുമ്പസാരിപ്പിച്ച വൈദികനെ അനുവദിക്കാമോ? ഈ അനുവാദത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത വൈദികന് കുമ്പസാരത്തിൽ കേട്ട കാര്യങ്ങൾ വെളിപ്പെടുത്താമോ?

26

## ഇവിടെ എല്ലാവർക്കും സുഖമല്ല!

സ്വയം നവീകരിക്കാത്ത സഭാസമൂഹം ഉറകെട്ടുപോയ ഉപ്പുപോലെയാകും. കേരള സഭയുടെ ലവണാംശവും ഉൾപ്രകാശവും വീണ്ടെടുക്കാൻ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ.

www.malankaralibrary.com

# പ്രതികരണങ്ങൾ




ജനുവരി ലക്കം കാരുണികനോടുള്ള വായനക്കാരുടെ പ്രതികരണം അസാധാരണമാം വിധം കൂടുതലായിരുന്നു. സാധിക്കുന്നിടത്തോളം പ്രതികരണങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകമായൊരു സംവാദത്തിലേക്ക് വിഷയത്തെ നയിക്കാനാണ് ഞങ്ങളുടെ ശ്രമം. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ ഏറ്റുപറയുന്നു.

**പത്രാധിപർ**

## പിതാവിനോട് നീതി കാണിച്ചോ?

കേരളത്തിലെ മതമാധ്യമങ്ങളിൽ അടുത്ത കാലത്തിറങ്ങിയ ഏറ്റവും ശക്തമായ എഡിറ്റോറിയലായിരുന്നു ഏപ്രിൽ ലക്കം കാരുണികന്റേത്. അതിന് പല കാരണങ്ങളുണ്ട്.

മരിച്ചശേഷം നന്ദിയും സ്നേഹവും പ്രകടിപ്പിക്കുന്നതാണ് മലയാളിരീതി. വർക്കിപിതാവിന്റെ സംസ്ക്കാരത്തിലെ ജനപങ്കാളിത്തവും ദുഃഖപ്രകടനവും പഴയ പ്രമാണത്തെ ഒന്നുകൂടെ അടിവരയിട്ട് ഉറപ്പിച്ചു. ആ പശ്ചാത്തലത്തിലാണ്, ജീവിച്ചിരുന്നപ്പോൾ വർക്കി പിതാവിനോട് നമ്മൾ നീതി കാണിച്ചോ എന്ന ചോദ്യം പ്രസക്തമാകുന്നത്.

വർക്കിപിതാവെന്ന വ്യക്തി ഉയർത്തിയ ചോദ്യങ്ങളും ഉന്നയിച്ച നിർദ്ദേശങ്ങളുമുണ്ടായിരുന്നു. സഭയുടെയും സമൂഹത്തിന്റെയും വളർച്ചക്കും നന്മക്കും വേണ്ടിയുള്ളവയായിരുന്ന അവ ഓരോന്നും



പൊതുസമൂഹവും രാഷ്ട്രീയക്കാരും കേൾക്കുകയും ശ്രദ്ധിക്കുകയും ചെയ്തു.

കള്ളുകുടിയുടെ കാര്യത്തിലും, ധൂർത്തിന്റെ കാര്യത്തിലും, ആർഭാടപെരുന്നാളുകളുടെ കാര്യത്തിലും, പ്രദക്ഷിണത്തിന്റെ കാര്യത്തിലും പിതാവിന് നിർദ്ദേശങ്ങളുണ്ടായിരുന്നു. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയുടെ കാര്യത്തിലും മധ്യമാർഗ്ഗം സമ്മതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതായിരുന്നു. എന്നാൽ അത് പ്രയോഗത്തിലാക്കാൻ കഴിയാതെ പോയെന്നുമാത്രം.

ജീവിച്ചിരുന്നപ്പോൾ വർക്കി പിതാവിനോട് സഭയും സമൂഹവും നീതി കാണിച്ചില്ല എന്ന ധ്വനിയാണ് വായനക്കാരന്റെ മനസ്സിൽ ഉണരുന്നത്. ജീവിച്ചിരിക്കുമ്പോൾ നീതി കാണിക്കാതെ മരിച്ചു കഴിഞ്ഞ് ബഹുമാനപൂർവ്വം അടക്കം ചെയ്യുന്നതിലേ കാപട്യത്തിലേക്കാണ് എഡിറ്റോറിയൽ വിരൽ ചൂണ്ടുന്നത്. അവസാനത്തെ വാചകമാണ് ഏറ്റവും ശ്രദ്ധേയമായി മനസ്സിൽ തങ്ങി നിൽക്കുന്നത്– ഒരു വിശുദ്ധനെ മരിച്ചടക്കിയതിന്റെ ചാരിതാർത്ഥ്യവുമായി നിൽക്കുന്ന സഭാസമൂഹം സ്വയം ചോദിക്കുന്ന ചോദ്യമാണ്. "നമ്മൾ വർക്കി പിതാവിനോട് നീതി കാണിച്ചോ?"

**ഫാ. ജേക്കബ് ആക്കനത്ത്**
മേട്ടിപ്പാടം, ചാലക്കുടി

## എഡിറ്റോറിയൽ

ഏപ്രിൽ മാസത്തിലെ കാരുണികന്റെ എഡിറ്റോറിയൽ ചില അപ്രിയ സത്യങ്ങൾ നമുക്കു മുമ്പിൽ നിരത്തുന്നതിൽ വിജയിച്ചു എന്നു പറയാതെവയ്യ. ജീവിച്ചിരിക്കുമ്പോൾ നല്ലത് അംഗീകരിച്ച്, പ്രോത്സാഹിപ്പിച്ച് കൂടുതൽ നന്മ വളർത്തുക എന്ന സംസ്ക്കാരം നമുക്ക് ഇനിയും

www.malankaralibrary.com

പഠിക്കേണ്ടിയിരിക്കുന്നു. വർക്കിപിതാവ് മരിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ 'വലുപ്പം' പ്രഘോഷിക്കാൻ പത്രങ്ങളും വാരികകളും തമ്മിൽ മത്സരമായിരുന്നു. പുഷ്പ റീത്തുകൾ കൊണ്ട് അദ്ദേഹത്തിന് പരവതാനി വിരിക്കാനും എല്ലാ ചടങ്ങുകളും 'ഗംഭീരം' ആക്കാനും കഴിഞ്ഞു എന്ന ചാരിതാർത്ഥ്യവും നമുക്കുണ്ട്. പക്ഷെ, അദ്ദേഹത്തിന്റെ പ്രവാചക ശബ്ദം ശവപ്പെട്ടിയിൽ അടക്കപ്പെട്ടു പോകുമോ എന്ന ചോദ്യം മനസ്സിൽ ഉയരുന്നു.

വർക്കി പിതാവിനോട് നീതി കാണിക്കാൻ നമുക്കിനിയും സാധിക്കില്ലേ? അദ്ദേഹം ഹൃദയത്തിൽ കാത്ത ഐക്യത്തിന്റെ, സഹകരണത്തിന്റെ, പരസ്പരബഹുമാനത്തിന്റെ ശൈലി നമുക്ക് ആർജിച്ചു കൂടെ? തലക്കനം മാറ്റി വച്ച് അദ്ദേഹത്തെപ്പോലെ ദൈവജനത്തോട് സംവേദിക്കാൻ നമ്മുടെ വൈദികർക്ക് എന്താണ് തടസ്സമായി നിൽക്കുന്നത്? നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സുതാര്യമായ പ്രവർത്തന വേദികളാക്കുവാൻ നമുക്ക് കഴിയേണ്ടതല്ലെ?

സുവിശേഷാധിഷ്ഠിതമായ ഒരു ശൈലിയിലേക്ക് പിതാവ് നമ്മെ നയിക്കുകയായിരുന്നു. ആ ശൈലി ഉൾക്കൊള്ളുവാനും നമ്മുടെ കുടുംബങ്ങളെ ആ രീതിയിൽ വളർത്തുവാനും കഴിഞ്ഞിരുന്നെങ്കിൽ സഭയുടെ പ്രേഷിതവീര്യം എത്രകണ്ടു വർദ്ധിച്ചേനെ! എന്നെപ്പോലുള്ള പലരെയും ഇരുത്തി ചിന്തിപ്പിച്ച മുഖപ്രസംഗത്തിന് നന്ദി.

**പോൾസൺ സേവ്യർ,**
അങ്കമാലി

## ധന്യനായിരുന്ന പിതാവ്

ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തിനു വേണ്ടി ജീവിക്കുകയും ചെയ്ത വർക്കി പിതാവിന് സത്യം മുറുകെപ്പിടിക്കുവാനും അപ്രിയസത്യങ്ങൾ പറയുവാനും ധൈര്യം ഉണ്ടായിരുന്നു എന്നതിൽ അത്ഭുതപ്പെടാനില്ല. "സഹിക്കാൻ കെൽപ്പില്ലാത്തവർ പ്രവാചക ദൗത്യവുമായി ഇറങ്ങരുത്" എന്ന് ആരോ പറഞ്ഞത് ഓർമ്മയിൽ വരുന്നു. മറ്റുള്ളവരുടെ മുമ്പിൽ ഷൈൻ ചെയ്യാനും എല്ലാവരുടെയും ഇടയിൽ വലിയവനാകുവാനുമുള്ള അമിതമായ മോഹത്തിന്റെ അടിസ്ഥാനം ശരിയായ സ്വയാവബോധവും പക്വതയും ഇല്ലാത്തവർക്കാണ്. ജന്മം കൊണ്ടും കർമ്മംകൊണ്ടും ധന്യനായിരുന്ന പിതാവിന് "ചെറുതാകുക" എളുപ്പമായിരുന്നിരിക്കാം– ഇത്ര ചെറുതാകാൻ എത്ര വളരേണം, എന്ന് നമ്മൾ പാടുന്നതുപോലെ.

പിതാവിനോടുള്ള നമ്മുടെ ആദരവു കാണിക്കാനുള്ള ഒരു നല്ല വഴി അദ്ദേഹം കാണിച്ചു തന്ന ലാളിത്യം നിറഞ്ഞ സ്നേഹം അഭ്യസിക്കുകയാണ്. ഇതു പറയുമ്പോൾ പട്ടം കഴിഞ്ഞ് വന്നു അധികമാകും മുമ്പേ പള്ളിയിൽ വരുന്നവരെ പാഠം പഠിപ്പിക്കുന്ന കൊച്ചച്ചനെ ഓർമ്മവരുന്നു. അദ്ദേഹം പലരുടെ പ്രതിനിധി ആണ്. വൈദികരിൽ നിന്ന് അത്മായരായ ഞങ്ങൾ പ്രതീക്ഷിക്കുന്നത് ദൈവോന്മുഖതയും മനുഷ്യോന്മുഖതയും ആണ്. തന്റെ

> പിതാവിനോടുള്ള ആദരവു കാണിക്കാനുള്ള ഒരു നല്ല വഴി ലാളിത്യം നിറഞ്ഞ സ്നേഹം അഭ്യസിക്കുകയാണ്.

മുന്നിലിരിക്കുന്ന ജനത്തെ കാണുമ്പോൾ സ്വന്തം അച്ഛനമ്മമാരെയും സഹോദരങ്ങളെയും ഓർത്തിരുന്നെങ്കിൽ ഇവർക്ക് ഇങ്ങനെ പെരുമാറാനാകുമോ?

ക്രിസ്തുവിനെപ്പോലെ ആകുവാൻ വർക്കി പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

**ജോൺസൺ പൂച്ചവാലേൽ**
ഇടുക്കി

## കർദ്ദിനാളിന്റെ ആരാധനാക്രമാഭിമുഖ്യങ്ങൾ

ഫാ. ആന്റണി നരികുളത്തിന്റെ "കർദ്ദിനാളിന്റെ ആരാധനാക്രമാഭിമുഖ്യങ്ങൾ" വായിച്ചപ്പോൾ "സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനു വേണ്ടിയല്ല" എന്ന ക്രിസ്തു വചനമാണ് ഓർമ്മയിൽ വന്നത്. അന്ധമായ അനുസരണത്തിനപ്പുറം കടന്ന് ദൈവം തന്റെ ജനത്തോട് പെരുമാറിയ രീതിയിൽ ദൈവജനത്തെ സേവിക്കുവാൻ കഴിഞ്ഞ വലിയ ഇടയനായിരുന്നു വർക്കി പിതാവ്. നിയമ

www.malankaralibrary.com

ത്തെ നിയമത്തിനായി മാത്രം അള്ളിപ്പിടിക്കുന്നവർ അരക്ഷിതാഭാവമുള്ളവരും (insecure) ദൈവത്തെക്കാൾ മിടുക്കരാണ് എന്ന മിഥ്യാബോധം ഉള്ളവരുമാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സീറോ മലബാർസഭയിൽ ഉള്ള നല്ല ഇടയന്മാരെ നമസ്കരിച്ചുകൊണ്ടുതന്നെ പറയട്ടെ, സഭയെ തമസ്ക്കരിക്കുന്നവരും കുറവല്ല. അമേരിക്കയിലും യൂറോപ്പിലുമൊക്കെ മലയാളികളുടെ മനോഭാവവുമായി ചെന്നാൽ കർത്താവിന്റെ കുരിശിനും അവിടുത്തെ ഉത്ഥാനത്തിനും എതിർ സാക്ഷ്യമാകുകയേ ഉള്ളൂ. തിരുവചനം തരുന്ന വിവേകം നമ്മെ നയിക്കട്ടെ.

**റോഷൻ ജോൺ**

ന്യൂയോർക്ക്

## അന്ത്യവിധി

കഴിഞ്ഞ ലക്കം കാരുണികനിലെ അന്ത്യവിധി വായിച്ചു. രസകരമായ വാക്കുകളിലൂടെ അടിസ്ഥാനപരമായ കാര്യങ്ങൾ വളരെ വ്യക്തവും ശക്തവുമാക്കാൻ കഴിഞ്ഞിരിക്കുന്നു. "ഒരു പ്രാവശ്യം ചക്കയിട്ടപ്പോൾ മുയൽ ചത്തു. രണ്ടാമത് ചക്കയിട്ടപ്പോഴും മുയൽ ചത്തു. മൂന്നാമത് ചക്കയിട്ടപ്പോഴും മുയൽ ചത്തു. എന്നുവച്ച് ചക്കയിടുമ്പോഴെല്ലാം മുയൽ ചാകുമെന്ന് കരുതരുത്. കാരണം ചത്ത മുയലിന്റെ മേലായിരുന്നു പിന്നെയും പിന്നെയും ചക്ക വീണുകൊണ്ടിരുന്നത് " – മാണിസാറിന്റെ ഈ യുക്തിസഹമായ നർമ്മം എല്ലാവരേയും ഇരുത്തി ച്ചിന്തിപ്പിക്കുന്നതാണ്. ജീവിതത്തിൽ പലവേഷങ്ങൾ കെട്ടിയാടുന്ന മനുഷ്യകുഞ്ഞാടുകൾക്ക് ഒരുതരി പ്രതീക്ഷ നൽകുന്നത് ഈ തിരഞ്ഞെടുപ്പിന് മുന്നോടിയാണ്. തിരഞ്ഞെടുപ്പ് വിധി വന്ന് ഭരണത്തിൽ കയറുമ്പോൾ മാറുന്ന ഒരു പ്രഹസനമാകാതിരിക്കട്ടെ ഞങ്ങളുടെ ഈ പ്രതീക്ഷ. തിരഞ്ഞെടുപ്പിന് മുൻപുള്ള വിടുവാ കേട്ട് മടുത്ത ഞങ്ങൾ

ക്ക് ഇത്തരത്തിലുള്ള നർമ്മചിന്തകൾ തരുന്നതിൽ കാരുണി കൻ വഹിക്കുന്ന പങ്കിൽ അതിയായ സന്തോഷമുണ്ട്. കാരുണികന് പുത്തൻ ഉണർവ്വും ഐശ്വര്യവുമുണ്ടാ കട്ടെ എന്ന് ആശംസിക്കുന്നു.

**ഷിൻസ് മാത്യു**

ഊന്നുകൽ, കോതമംഗലം

## കഥാ-കവിതാനിരൂപണം

കാരുണികനിൽ തുടങ്ങിയ പുതിയ പംക്തികളായ കവിതാനിരൂപണവും കഥാനിരൂപണവും നന്നാകുന്നുണ്ട്. മറ്റു ക്രൈസ്തവ മാസികകളിൽ നിന്ന് വ്യത്യസ്തമായ ചുവടുവയ്പ്പാണ് കാരുണികനുള്ളത്. മാറ്റുരയ്ക്കാൻ പറ്റാത്ത വ്യത്യസ്തത. കഴിഞ്ഞ ലക്കത്തിലെ കവിതാനിരൂപണത്തിലെ മൂന്ന് കവിതകളും കഥാനിരൂപണത്തിലെ രണ്ട് കഥകളും പരിചയപ്പെടുത്തി തന്നതിൽ കാരുണികനോട് ആദ്യം നന്ദി പറയുന്നു. അതിൽ കഥാനിരൂപണത്തിൽ പറഞ്ഞിട്ടുള്ള സി. ഗണേഷിന്റെ 'വാളെടുത്തവർ' എന്ന കഥയിൽ കേരളത്തിന്റെ തെക്കേയറ്റത്തു നിന്ന് തുടങ്ങിയ യാത്ര വടക്കേയറ്റത്ത് അവസാനിക്കുമ്പോൾ, കേരളത്തിന്റെ എല്ലാ ജില്ലകളിലും ക്വട്ടേഷൻ സംഘങ്ങളുടെ ഒരു വലിയ മാസ്മരിക ലോകമുണ്ടെന്ന് നമുക്ക് മനസ്സിലാവുന്നു. അവർ ഒരു പൂന്തോട്ടത്തിലെത്തി നില്ക്കുന്ന പശ്ചാത്തലത്തിൽ പറയുന്നുണ്ട്: അവസാനം വണ്ടിയിൽ നിന്ന് ഇറങ്ങിയ വിക്രമിന് കത്തിരാജു ഒരു മന്ദാരപ്പൂവ് നീട്ടി; വിക്രം



www.malankaralibrary.com

അത് ഒരു തോക്ക് സ്വീകരിക്കുന്നതുപോലെ സ്വീകരിച്ചു. സാമൂഹിക യാഥാർത്ഥ്യത്തെ വിചിത്ര ഭാവനകളോടെ ആവിഷ്ക്കരിക്കുന്നതിൽ ഈ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്. മാറിവരുന്ന ഒരു കേരളത്തെയാണ് ഈ കഥയിൽ സ്പഷ്ടമാക്കിയിട്ടുള്ളത്. അതുപോലെ തന്നെ സി. രഘുനാഥിന്റെ 'മാലിന്യം' എന്ന കഥയിലും കേരളത്തിലെ പച്ചയായ ജീവിതമാണ് വിവരിച്ചിട്ടുള്ളത്. ഒരുപാട് ചിന്തിക്കേണ്ട കഥാതന്തുക്കളാണ് ഇതിലെല്ലാം. ഇത്തരം സാമൂഹ്യമൂല്യങ്ങളുള്ള കഥാതന്തുക്കളെ കാരുണികനിൽ ഇനിയും പരിചയപ്പെടുത്തുമെന്ന് ആശിക്കുന്നു.

**ഷൈജ ജോസ്,**
കരിമുകൾ, എറണാകുളം

## ആധുനിക സഭകൾ

കേരളത്തിലെ പുതിയ സഭകളെക്കുറിച്ചുള്ള പഠനം വളരെ നന്നായിരുന്നു. താത്വികമായി അവതരിപ്പിച്ച ലേഖനങ്ങളും നന്നായിരുന്നു. പുതിയ സഭകളുടെ തുടക്കവും അതുമായി ബന്ധപ്പെട്ട പഠനങ്ങളും പുതിയ അറിവായിരുന്നു.

കത്തോലിക്കാസഭയുടെ പഠനങ്ങളും ആചാരാനുഷ്ഠാനങ്ങളും ശരിയായിട്ടുള്ളതാണെന്നു പ്രഖ്യാപിക്കുമ്പോഴും ജനങ്ങൾ പുതിയ രീതികളിലേക്ക് ആകർഷിക്കപ്പെടുകയാണ്. എന്തുകൊണ്ട്?

ഈ ദിശയിൽ ഒരു പഠനം അനിവാര്യമല്ലേ? കാലക്രമത്തിൽ പാശ്ചാത്യസഭയുടെ അവസ്ഥ കേരളത്തിലും വരാൻ 50 വർഷങ്ങൾ മതിയെന്നാണ് കണക്കുകൂട്ടൽ. സഭാനേതൃത്വം ഇപ്രകാരമുള്ള പ്രതിഭാസം നേരിടാൻ സജ്ജമാണോയെന്ന് സംശയമുണ്ട്.

വൈദികരും ജനങ്ങളും indifference മനോഭാവത്തിലാണ്. കേരളത്തിൽ ഏതു പ്രദേശത്തുകാരാണ് പുതിയ സഭാവിഭാഗങ്ങളിലേക്കു കൂടുതലായി ആകർഷിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തിയാൽ നന്നായിരുന്നു. സഭാനേതൃത്വത്തിന്റെ കണ്ണു തുറപ്പിക്കാനും വിഡ്ഢികളുടെ ലോകത്തു നിന്നും പുറത്തു വന്ന് ക്രിയാത്മകമായി പ്രവർത്തിക്കാനും സഹായകമായേക്കാം.

ബ്രസീലിൽ കത്തോലിക്കർ പന്തക്കുസ്താവിഭാഗത്തിലേക്ക് പോകുന്നതിനെക്കുറിച്ച് അവരുടെ വക്താവു പറഞ്ഞ കാര്യം ഇവിടെ കുറിക്കുകയാണ്. 'ടൈം' വാരികയിൽ വന്നതാണ്.

The catholic church could not give satisfactory answer to the spiritual and emotional problems of the people where as the pentecostals could do that. The catholic church opted for the poor and the poor opted for the pentacostalism.

> ജീവിച്ചിരുന്നപ്പോൾ വർക്കി പിതാവിനോട് സഭയും സമൂഹവും നീതി കാണിച്ചില്ല എന്ന ധ്വനിയാണ് വായനക്കാരന്റെ മനസ്സിൽ ഉണരുന്നത്.

മനുഷ്യൻ നിർവ്വചിക്കപ്പെട്ടിരിക്കുന്നത് ബുദ്ധിയുള്ള മൃഗമെന്നാണ് (man is a rational animal). മനുഷ്യൻ വികാരജീവിയാണ് (Man is an emotional animal). അവൻ ദൈവത്തെ സർവ്വശക്തിയോടും കൂടി സ്നേഹിക്കാൻ കടപ്പെട്ടവനാണ്. ശക്തി എന്ന വാക്കിന് faculties എന്നുകൂടി അർത്ഥമുണ്ടാകില്ലെ?

മനുഷ്യൻ ബുദ്ധികൊണ്ടുമാത്രം ദൈവത്തെ സ്നേഹിച്ചാൽ മതിയോ? ക്രിസ്തു അനുഭവത്തിനു അനുഭവപരമായ ഒരു മാനമുണ്ടല്ലോ. സെന്റ് ജോൺസ് 1:1-3.

കൊച്ചി റിഫൈനറിയിൽ നിന്നും വിരമിച്ച ഒരു എഞ്ചിനീയറുടെ പ്രതികരണം. ഞായറാഴ്ച പള്ളിയിൽ പോകുന്നത് കടം തീർക്കാൻ; ധ്യാനകേന്ദ്രത്തിൽ പോകുന്നതു സ്വമനസ്സാലെ. വി.കുർബ്ബാനയ്ക്ക് അനുഷ്ഠാനപരമായി കൃത്യതയുണ്ടായാൽ മതിയോ? അനുഷ്ഠാന വിധികളുടെ വ്യാഖ്യാനത്തിലൂടെ വിശ്വാസവളർച്ച സാധ്യമോ? ആത്മീയ ഉണർവ് ലഭിക്കുമോ?

**ഫാ. ജോസ് പോൾ**
നെല്ലിശ്ശേരി

www.malankaralibrary.com



# ആടുകളെ ആലയിലേക്ക് നയിക്കുന്ന മാർ ആലഞ്ചേരി

മാർ ജോർജ് ആലഞ്ചേരി / ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

തനതായ സുവിശേഷശൈലിയിൽ അജപാലനം നിർവ്വഹിക്കുന്ന ഇടയനാണ് ആലഞ്ചേരി പിതാവ്. പി.ഒ.സി ഡയറക്ടറായും ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായും ദൗത്യനിർവ്വഹണത്തിന്റെ പുതിയ ഭൂമികകളവതരിപ്പിച്ച പിതാവ് തക്കലയുടെ മെത്രാനായിട്ട് 14വർഷം പൂർത്തിയാകുന്നു. കൊച്ചിയിലും കോട്ടയത്തും കന്യാകുമാരിയിലുമൊക്കെ അംബാസഡർ കാറിലെ ത്തുന്ന ഈ ഇടയൻ "ചെറുതാണ് ചേതോഹരമെന്ന" ഷൂമാക്കർ വചനത്തിന്റെ ജീവിക്കുന്ന സാക്ഷ്യമാണ്.

■ തക്കല രൂപത വളർച്ചയുടെ പാതയിലാണല്ലോ. ശൂന്യതയിൽ നിന്ന് ഇത്തരമൊരു സംവിധാനം രൂപപ്പെടുത്തിയതെങ്ങനെയാണ്?

അനേകർ ദൈവകൃപയോട് സഹകരിച്ചതിന്റെ ഫലമാണത്. 1997 ഫെബ്രുവരി 2-ാം തീയതിയാണ് ഞാൻ തക്കല രൂപതയുടെ മെത്രാനായി ചുമതലയേറ്റത്. 1960 മുതലാണ് ചങ്ങനാശ്ശേരി അതിരൂപത ഈ മിഷൻ രംഗത്തേക്ക് കടന്നുവന്നത്. പമ്പാനദി മുതൽ ഭാരതപ്പുഴവരെ പ്രവർത്തനപരിധി പരിമിതപ്പെട്ടിരുന്ന സീറോമലബാർ സഭക്ക് പമ്പാനദിക്ക് തെക്കോട്ട് അജപാലനാധികാരങ്ങൾ ലഭിച്ചപ്പോൾ കന്യാകുമാരി ജില്ലയിലും, തിരുന്നൽവേലി ജില്ലയിലെ ചെങ്കോട്ടതാലൂക്കിലും ഞങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനായി. 62 വൈദികർ ഇന്ന് തക്കല രൂപതയിൽ സേവനം ചെയ്യുന്നു. 21 ഇടവകകളും 36 മിഷൻ സ്റ്റേഷൻസും ഇന്ന് തക്കലയിലുണ്ട്. കന്യാകുമാരി ജില്ലയിലെയും ചെങ്കോട്ട താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുൻപന്തികളിൽ നിൽക്കാൻ ഇന്ന് നമുക്ക് സാധിക്കുന്നുണ്ട്. എല്ലാ മതവിഭാഗങ്ങളുമായും സംവദിക്കാനും സഹകരണ മനോഭാവം വളർത്തിയെടുക്കാനും വേദികൾ തുറക്കാനായി എന്നത് അഭിമാനാർഹമായ നേട്ടം തന്നെയാണ്.

■ കാലം ചെയ്ത വർക്കി പിതാവിനെക്കുറിച്ചുള്ള സ്മരണകളെന്തൊക്കെയാണ്?

വർക്കി പിതാവിന്റെ വിയോഗം വിശുദ്ധമായ ഒരു ജീവിതമാതൃകയുടെ വിടവാണ് ഇവിടെ സൃഷ്ടി

www.malankaralibrary.com

ച്ചിരിക്കുന്നത്. സഭയിൽ സമാധാനപരമായ ഐക്യം രൂപപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചു. ഒരിക്കൽ പോലും അദ്ദേഹം കോപിക്കുന്നത് ഞാൻ കണ്ടിട്ടില്ല. എതിരഭിപ്രായങ്ങളെ നിശബ്ദമാക്കാതെ തുറവിയുള്ള മനസ്സോടെ അവയെ മാനിക്കാനും കർദ്ദിനാൾ പിതാവിനു കഴിഞ്ഞു. ഒരു മേജർ ആർച്ച് ബിഷപ്പിന് ഉണ്ടായിരിക്കേണ്ട വിവേകവും പക്വതയും ദൈവാശ്രയ ബോധവും അതിന്റെ തികവിൽ വർക്കി പിതാവിനുണ്ടായിരുന്നു. അത് പൊതു സമൂഹത്തിനും അദ്ദേഹത്തെ പ്രിയങ്കരനാക്കി.

■ സഭയെടുക്കുന്ന രാഷ്ട്രീയ സമീപനങ്ങളും ഇടയ ലേഖനങ്ങളും പക്ഷപാതപരമാണെന്ന വിമർശനം പൊതുസമൂഹമുയർത്തുന്നുണ്ടല്ലോ? ഈ വിഷയത്തിൽ പിതാവിന്റെ നിലപാടെന്താണ്?

ക്രൈസ്തവർ പക്ഷപാതപരമായ സമീപനങ്ങൾക്കു പകരം സമഭാവനയുടെ വീക്ഷണം സ്വീകരിക്കണമെന്നതാണെന്റെ അഭിപ്രായം. ജനാധിപത്യ മര്യാദയും പ്രതിപക്ഷബഹുമാനവുമൊക്കെ ഉൾച്ചേർന്ന ഒരു നയമാണത്. ആത്മീയമായ ഒരുൾക്കാഴ്ചയോടെ രാഷ്ട്രീയത്തെ സമീപിക്കുമ്പോൾ തനതായിട്ടുള്ളതും മൂല്യവത്തായതുമായ സംഭാവനകൾ രാഷ്ട്രീയരംഗത്ത് നൽകാൻ സഭക്കാകും എന്നു തന്നെയാണ് ഞാൻ വിശ്വസിക്കുക. എന്നാൽ മൂല്യവിചാരങ്ങളെ തകിടം മറിക്കുന്ന രീതിയിൽ രാഷ്ട്രീയ പാർട്ടികളുമായുള്ള ഒത്തു തീർപ്പുകൾ അപകടം സൃഷ്ടിക്കുമെന്ന് ഞാൻ കരുതുന്നു.

■ "കത്തോലിക്കരുടെ മക്കൾ കത്തോലിക്കാ സ്കൂളുകളിൽ തന്നെ പഠിക്കണമെന്ന്" അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ പ്രസ്താവന വളരെയധികം വിമർശിക്കപ്പെട്ട ഒന്നാണ്. ഈ വിഷയത്തെ പിതാവ് എങ്ങനെ സമീപിക്കുന്നു?

വളരെയധികം ദുർവ്യഖ്യാനം ചെയ്യപ്പെട്ട ഒരു പ്രസ്താവനയാണത്. കുട്ടികൾക്ക് ലഭിക്കേണ്ട മൂല്യവിചാരത്തെക്കുറിച്ചും, വിശ്വാസവീക്ഷണത്തെക്കുറിച്ചും കരുതലുള്ള ഒരു പിതാവിന്റെ മനസ്സാണ് ആ പ്രസ്താവനയ്ക്ക് പിന്നിലുള്ളത്. അതിൽ ജാതി- മത വർഗ്ഗീയത കലർത്തുന്നത് ആ പ്രസ്താവനയുടെ പിന്നിലുള്ള ഉദ്ദേശ്യശുദ്ധിയെ ഉൾക്കൊള്ളാത്തവരാണ്. കത്തോലിക്കാ സ്കൂളുകൾ ആരുടെയും അവകാശങ്ങളെയോ, സ്വാതന്ത്ര്യത്തെയോ നിഷേധിക്കുന്നവയല്ല. അവർണ്ണനെയും, സവർണ്ണനെയും സമ ഭാവനയുടെ ബഞ്ചിലിരുത്തി പഠിപ്പിച്ച പാരമ്പര്യമാണ് സഭയ്ക്കുള്ളത്. അവിടെ വിവേചനങ്ങൾക്കോ സങ്കുചിത താൽപ്പര്യങ്ങൾക്കോ ഇടമില്ല.



■ വർക്കി വിതയത്തിൽ പിതാവിന്റെ അന്ത്യാഭിലാഷമായിരുന്നു സീറോ-മലബാർ സഭയ്ക്ക് ലഭിക്കേണ്ട ഓൾ ഇന്ത്യ ജ്യൂറിസ്ഡിക്ഷൻ. അവസാനമായി മാർപാപ്പയ്ക്കു നൽകിയ കത്തിലും പിതാവ് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ റോമിന്റെ നിലപാടിനെക്കുറിച്ച് പറയുമ്പോൾ... "Crucifying obedience" എന്നാണ് അദ്ദേഹം പറയുക. ഇക്കാര്യത്തിൽ പിതാവിന്റെ നിലപാടെന്താണ്?

തോമാശ്ലീഹായുടെ കാലം മുതലേ നമുക്കുണ്ടാ

www.malankaralibrary.com

യിരുന്ന ഒരവകാശമായിരുന്നത്. "അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും വാതിലും" എന്നാണല്ലോ, നമ്മുടെ സഭാനേതാവ് അറിയപ്പെട്ടിരുന്നത്. എന്നാൽ പാശ്ചാത്യ മിഷണറിമാർക്ക് പ്രവർത്തന മേഖലകൾ നൽകിയപ്പോൾ അറിയാതെ തന്നെ പരിമിതപ്പെടുത്തപ്പെട്ട ഒരു അവകാശമായിരുന്നു അത്. അത് പുനഃസ്ഥാപിക്കപ്പെടേണ്ടതു തന്നെയാണ്. ഇന്നും അതിനെ എതിർക്കുന്നവരുണ്ട്. സമന്വയത്തിലൂടെ അത് പരിഹരിക്കപ്പെടുമെന്നാണെന്റെ പ്രതീക്ഷ. ഇക്കാര്യത്തിൽ വിധേയത്വത്തോടുകൂടിയ അനുസരണം നൽകിയ വേദനയെയാണ് വർക്കി പിതാവ് Crucifying obedience എന്ന പദം കൊണ്ട് വിവക്ഷിച്ചത്.

■ സീറോ മലബാർ സഭയ്ക്ക് പാത്രിയർക്കൽ പദവിയിലേക്ക് ഉയർത്തപ്പെടണമെന്ന ആവശ്യം ശക്തമാണല്ലോ. പ്രത്യേകിച്ച് സീറോ മലബാർ സഭയെക്കാളും ആളും അർത്ഥവും പാരമ്പര്യവും കുറഞ്ഞ സഭകൾക്ക് ഈ പദവി നൽകപ്പെടുമ്പോൾ?

പാത്രിയാർക്കൽ പദവി, വസ്തുനിഷ്ഠമായി നോക്കിയാൽ സീറോമലബാർ സഭയ്ക്ക് അർഹതപ്പെട്ടതാണ്. എന്നാൽ അത് സ്വാഭാവികമായി വന്നുചേരേണ്ട ഒന്നാണ്, പിടിച്ചു വാങ്ങേണ്ട ഒന്നല്ല. സഭയുടെ കൂട്ടായ്മയും ഐക്യവും വളർച്ചയും കണ്ട് ഈ സഭയ്ക്ക് ഇത് അർഹതപ്പെട്ടതാണെന്ന തിരിച്ചറിവിൽ സാർവ്വത്രിക സഭ തന്നെ നൽകേണ്ട ഒന്നാണത്. ഗൾഫിലും യൂറോപ്പിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ച് സഭ വളരുമ്പോൾ സ്വാഭാവികമായി പാത്രിയാർക്കൽ പദവി വന്നുചേരുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു,

■ പി. ഒ. സി കേരള സഭയ്ക്കുവേണ്ടി വേദപാഠപുസ്തകമിറക്കിയപ്പോൾ പിതാവായിരുന്നു അതിന്റെ ഡയറക്ടർ. ഇന്ന് സീറോമലബാർ സഭക്കുവേണ്ടി പ്രത്യേക വേദപാഠ പുസ്തകങ്ങൾ ഇറക്കുമ്പോഴും പിതാവു തന്നെയാണതിന്റെ ചുമതലക്കാരൻ. പൊതുവായിട്ടുള്ള പാഠപുസ്തകങ്ങൾക്കുപകരം ഓരോ സഭയ്ക്കും പ്രത്യേക പാഠപുസ്തകങ്ങൾ ഇറക്കുന്നതിന്റെ പിന്നിലെ ചേതോവികാരമെന്താണ്?

അത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഞാൻ പി. ഒ.സി മതബോധന സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലത്ത് ഇടവകകളിൽ മതബോധനത്തിന് വ്യവസ്ഥാപിത പൊതു പാഠ്യപദ്ധതിയോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടായിരുന്നില്ല. ഓരോ സ്ഥലങ്ങളിലും അവരവരുടെ രീതികളായിരുന്നു. ഇതിനെ ഏകീകരിക്കാനും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമാണ് പി ഒ സി വേദപാഠ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. ഈ രംഗത്തുള്ള ആദ്യ ചുവടുവയ്പ്പായിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടു വച്ച കമ്യൂണിയൻ എക്ലേസിയോളജിയനുസരിച്ച് ഓരോ സഭയും അതിന്റെ തനിമയും പൈതൃകവും കാത്തു സൂക്ഷിക്കാൻ കടപ്പെട്ടവരാണ്. ഇത് സാർവ്വത്രിക സഭയ്ക്കു തന്നെ മുതൽക്കൂട്ടാകുന്ന സംഭാവനകൾ നൽകാൻ അവരെ പ്രാപ്തരാക്കും. അങ്ങനെയാണ് ഓരോ വ്യക്തി സഭയ്ക്കും പ്രത്യേക പാഠപുസ്തകമെന്ന ആശയത്തിലേക്ക് നമ്മൾ കടന്നുവന്നത്. ഇത് മത്സരമല്ല, മറിച്ച് സഹകരണത്തിന്റെയും വളർച്ചയുടെയും പുതിയ ഒരു സംരംഭമായിരുന്നു.

■ കേരളത്തിലും ഭാരതത്തിലുമുള്ള സഭയുടെ ദൗത്യത്തെക്കുറിച്ച്?

ഈശോമിശിഹായുടെ ജീവിത ദൗത്യം തന്നെയാണ് സഭയുടേതും. അതായത് ദൈവരാജ്യം യഥാർത്ഥ്യമാകാനായി അധ്വാനിക്കുക. ദൈവം പിതാവും മനുഷ്യരെല്ലാം മക്കളുമെന്ന നിലയിൽ തുല്യരുമാകുന്ന അവസ്ഥയാണല്ലോ ദൈവരാജ്യം. ഇത് യാഥാർത്ഥ്യമാകാൻ ഇനിയും നാം വളരെ മുമ്പോട്ടു പോകേണ്ടതുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടിക്കൂടി വരുകയാണോയെന്ന് നാം സംശയിക്കണം. കേരളത്തിലെ സാമൂഹ്യരംഗത്തെ ഒരു നിർണ്ണായക ശക്തിയെന്ന രീതിയിൽ സഭക്ക് ഇവിടെ ഏറെ ചെയ്യാനാവും. ഇന്ത്യയിലാകമാനവും നമ്മുടെ ദൗത്യം ഇതുതന്നെ - ദൈവരാജ്യത്തിലേക്കുള്ള മാറ്റത്തിന്റെ പുളിമാവായി വർത്തിക്കുക.

■ പിതാവിന്റെ കുടുംബം, ദൈവവിളി എന്നിവയെക്കുറിച്ചുള്ള സ്മരണകൾ?

ചങ്ങനാശ്ശേരിക്കടുത്തുള്ള തുരുത്തിയിലാണെന്റെ വീട്. ആത്മീയഭാവമുൾക്കൊള്ളുന്ന ഒരു കുടുംബമായിരുന്നു എന്റേത്. മാതാപിതാക്കളും എന്നെ പഠിപ്പിച്ച സിസ്റ്റേഴ്സും മതാദ്ധ്യാപകരുമൊക്കെ എന്റെ ദൈവവിളി സ്വീകരണത്തിൽ നിർണായക പങ്കുവഹിച്ചവരാണ്. ■

www.malankaralibrary.com



# ജീവൻ നഷ്ടപ്പെടുന്ന ശരീരം

അശോക് പ്രതാപ്

പൊതുജീവിതത്തിന്റെ സമസ്തമേഖലകളിലും അഴിമതി കടന്നുകയറിയിരിക്കുന്നുവെന്നതാണ് ഇന്ത്യൻ പൗരനെ ഞെട്ടിക്കുന്ന യാഥാർത്ഥ്യം. രാഷ്ട്രീയ രംഗത്തും, ബ്യൂറോക്രസിയിലും അഴിമതി പണ്ടേ തന്നെ വ്യാപിച്ചു കഴിഞ്ഞിരുന്നു. സാധാരണ പൗരന്റെ അവകാശങ്ങളും നീതിയും സംരക്ഷിക്കേണ്ട ജ്യുഡീഷ്വറിയേയും അഴിമതി ഗ്രസിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് അന്നാ ഹസാരയുടെ 'ജന ലോക്പാൽ' ബില്ലിന്റെ പ്രസക്തി.


ഡൽഹിയിലെ ജന്തർ മന്ദിറിൽ അന്നാ ഹസാരെ നിരാഹാരം തുടങ്ങിയത് ഏപ്രിൽ 5-ാം തീയതിയായിരുന്നു. മണിക്കൂറുവച്ചാണ് അദ്ദേഹത്തിന്റെ സമരത്തിനുള്ള പിന്തുണ ഇന്ത്യയിലാകമാനം വളർന്നു കയറിയത്. പ്രധാന നഗരങ്ങളിലെല്ലാം അനുകൂല യോഗങ്ങൾ അരങ്ങേറി. അവസാനം സത്യഗ്രഹ സമരത്തിന്റെ അഞ്ചാം ദിവസം ഹസാരയുടെ ആവശ്യങ്ങളെല്ലാം നിരുപാധികം അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായി.

ഈ അത്ഭുതകരമായ വിജയത്തിന്റെ കാരണമെന്തായിരുന്നു? കാരണങ്ങൾ പലത് ചൂണ്ടിക്കാട്ടാനാവും. എങ്കിലും പൊതുരംഗത്തെ അഴിമതി കൊണ്ടു സഹികെട്ട സാധാരണ ജനത്തിന്റെ സ്വാഭാവിക പ്രതികരണമായിരുന്നു ഹസാരയുടെ സത്യഗ്രഹത്തിനു കിട്ടിയ അതിസാധാരണമായ പിന്തുണയുടെ പ്രധാന കാരണം.

ഇന്ത്യാചരിത്രത്തിലെ എക്കാലത്തെയും വലിയ അഴിമതിയായിരുന്നു 2 ജി ടെലഫോൺ അഴിമതി. 39 ബില്യൺ ഡോളറെന്ന് പറഞ്ഞാൽ സാധാരണ ഇന്ത്യൻപൗരന്റെ മനസ്സിൽ ഒതുങ്ങുന്നതല്ലത്. മുപ്പത്തിയൊമ്പതിനായിരം മില്യൺ ഡോളർ എന്നത് എത്ര രൂപ വരുമെന്ന് സാധാരണക്കാരന് കണക്കുകൂട്ടി എടുക്കാൻ തന്നെ പ്രയാസമാണ്. ഏകദേശം രണ്ട് ലക്ഷം കോടി രൂപയോളം വരും. അതായത് കേന്ദ്രസർക്കാരിന്റെ ഒരു വർഷത്തെ മൊത്തം വരുമാനത്തിന്റെ മൂന്നിലൊന്ന്. കേന്ദ്രമന്ത്രി ആണ്ടിമുത്തു രാജാമുതൽ സാക്ഷാൽ കരുണാനിധിയുടെ മകൾ കനിമൊഴി വരെ പ്രതിപ്പട്ടികയിൽ ഉണ്ടെന്ന് അറിയുമ്പോഴാണ് അഴിമതിയുടെ ആഴവും പരപ്പും നമ്മളെ അത്ഭുതപ്പെടുത്തുന്നത്.

വീരയോദ്ധാക്കളുടെ വിധവകൾക്കായി നിർമ്മിച്ച ഹൗസിങ് അപ്പാർട്ട്മെന്റിലെ അഴിമതിയായിരുന്നു

www.malankaralibrary.com




അഴിമതിയുടെ ഹൃദയമില്ലായ്മയെ തുറന്നു കാട്ടിയത്. വീരമൃത്യു വരിച്ചയോദ്ധാക്കളുടെ വിധവകൾക്കായി മുംബൈയിൽ 103 അപ്പാർട്ടുമെന്റുകളായിരുന്നു നിർമ്മിച്ചത്. അഴിമതിയിലൂടെ അവയാണ് അടിച്ചുമാറ്റപ്പെട്ടത്.

ഇന്ത്യയെ ആകമാനം നാണം കെടുത്തിയത് സുരേഷ് കൽമാഡിയായിരുന്നു. കോമൺവെൽത്ത് ഗയിംസിന്റെ മൊത്തം ചിലവ് 6 ബില്യൺ ഡോളറോളം വരുമെന്നാണ് കണക്ക്; അതായത് 6000 മില്യൺ ഡോളർ. ഇതും കണക്കുകൂട്ടി എടുക്കാൻ പ്രയാസമുള്ള തുക തന്നെയാണ്. കുറഞ്ഞത് ഗയിംസിന്റെ പതിനാറ് പദ്ധതികളിലെങ്കിലും അപാകതകൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. കൽമാഡിയും സഹപ്രവർത്തകരും ജയിലാകുകയും ചെയ്തു.

രാഷ്ട്രീയ മേഖലയിലും ബ്യൂറോക്രസിയിലും അഴിമതി വ്യാപിച്ചപ്പോഴും പെതുജനത്തിന് കോടതിയിൽ വിശ്വാസമുണ്ടായിരുന്നു. കോടതിയിൽ പോയാൽ നീതി സ്ഥാപിച്ചുകിട്ടുമെന്നായിരുന്നു ജനത്തിന്റെ പ്രതീക്ഷ; സുപ്രീം കോടതിയിൽ പോയാൽ ഏറ്റവും മഹത്തായ രീതിയിൽ നീതിനടപ്പിലായി കിട്ടുമെന്നായിരുന്നു ധാരണ.

ഇതിനെയെല്ലാം തകിടം മറിക്കുന്നതായിരുന്നു സുപ്രീം കോടതിയുടെ മുൻ ചീഫ് ജസ്റ്റിസായിരുന്ന കെ.ജി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ മരുമകനും എതിരായി ഉയർന്ന അഴിമതി ആരോപണങ്ങൾ. അതിലും പ്രമാദമായ അഴിമതിയായിരുന്നു കർണാടക ചീഫ് ജസ്റ്റിസായിരുന്ന ദിനകരനെതിരെ ഉയർന്നത്. ചരിത്രത്തിലെ ഏറ്റവും മ്ലേച്ഛമായ അഴിമതിയുടെ ഘട്ടത്തിലൂടെയാണോ ഇൻഡ്യൻ ജുഡീഷ്യറി കടന്നുപോകുന്നതെന്ന് സാധാരണക്കാരൻ സംശയിച്ചുപോകും.

ഈ അഴിമതിക്കഥകളെല്ലാം പുറത്തു കൊണ്ടുവ

www.malankaralibrary.com

രുന്ന പുതിയൊരു വസ്തുത കൂടിയുണ്ട്. രാഷ്ട്രീയക്കാരും, ഉദ്യോഗസ്ഥവൃന്ദവും, ജ്യുഡീഷറിയും തമ്മിൽ നിലനിൽക്കുന്ന സൗഹൃദവും കച്ചവടബന്ധവും. ഇതിൽ ഏറ്റവും പ്രധാന കണ്ണികൾ വൻകിട വ്യവസായികൾ തന്നെയാണെന്നാണ് വിക്കീലിക്സ് നൽകുന്ന വെളിപ്പെടുത്തലുകൾ.

പൊതുജീവിതത്തിന്റെ സമസ്ത രംഗങ്ങളെയും സമസ്ത സ്ഥാപനങ്ങളെയും ഒരുപോലെ ശ്രദ്ധിച്ചിരിക്കുന്ന അഴിമതിയുടെ മുമ്പിൽ അന്തംവിട്ടു നിന്ന സാധാരണക്കാരന്റെയും ചെറുപ്പക്കാരുടെയും മുമ്പിലേക്കാണ് അന്നാ ഹസാരെയെന്ന ഗാന്ധിയൻ നിരാഹാര സമരവുമായി അവതരിച്ചത്. അതിന് കുറച്ചു മാസം മുമ്പു രൂപീകരിച്ച IAC (Indians Against Corruption) എന്ന സംഘടനയുടെ നേതൃത്വത്തിലായിരുന്നു ഹസാരെയുടെ നിരാഹാര സമരം. 'ജനലോക്പാൽ ബിൽ' രൂപീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നതായിരുന്നു ഹസാരെ മുമ്പോട്ടു വച്ച ആവശ്യം. പൊതുജീവിതത്തിലാകമാനം പടർന്നു കയറിയിരിക്കുന്ന അഴിമതിയെ തുടച്ചുമാറ്റാനുള്ള മാർഗ്ഗമായിട്ടാണ് ജനലോക്പാൽ ബില്ലിനെ ഹസാരെയും കൂട്ടരും കാണുന്നത്.

അഴിമതിയും അതിനുള്ള നിർദ്ദിഷ്ട മറുമരുന്നായ ജനലോക്പാൽ ബില്ലും ഉയർത്തുന്ന ഗൗരവമായ ചില ചോദ്യങ്ങളുണ്ട്. ഇന്ത്യയുടെ സാമൂഹ്യജീവിതത്തിന്റെ സാമാന്യരീതിയായിത്തന്നെ മാറിക്കഴിഞ്ഞില്ലേ അഴിമതി? പണാധിപത്യം പൊതുജീവിതത്തിന്റെ സർവ്വ മേഖലകളെയും കീഴടക്കി കഴിഞ്ഞില്ലേ?

സാമൂഹ്യ അസമത്വവും സാമ്പത്തിക അരക്ഷിതാവസ്ഥയുമല്ലാതെ മറ്റെന്താണ് ഇതിന്റെയെല്ലാം പരിണതഫലം? ഏറ്റവും കൂടുതൽ സമ്പന്നരുള്ള പട്ടികയിൽ ഇന്ത്യ നാലാംസ്ഥാനത്താണ് എന്ന് പറയുമ്പോൾ തന്നെ മൊത്തം ജനതയിൽ മൂന്നിൽ രണ്ടും പ്രതിദിനം 100 രൂപ പോലും വരുമാനമില്ലാത്തവരുമാണെന്ന സത്യം നമ്മെ ഭയപ്പെടുത്തേണ്ടതാണ്. ■

*......പേജ് 25-ൽ നിന്ന് തുടർച്ച*

ഷൻസും മറ്റും വാങ്ങി സ്കൂളുകളും കോളജുകളും മറ്റു സ്ഥാപനങ്ങളും അവരും നടത്തുന്നു. ചിലപ്പോൾ അവരുടെ തന്നെ നിലനിൽപ്പിനുവേണ്ടിയാകാം അവർ അങ്ങനെ ചെയ്യുന്നത് (ഫോർമേഷൻ കേന്ദ്രങ്ങളും പ്രൊവിൻഷ്യലേറ്റ് കെട്ടിടങ്ങളും ജനറലേറ്റ് കെട്ടിടങ്ങളുമൊക്കെ പണിയാൻ പണം വേണ്ടേ?). അതേ സമയം അവരുടെ നിലനിൽപ്പിന് സ്ഥാപനങ്ങളുടെ നടത്തിപ്പല്ലാതെ മറ്റു ലക്ഷ്യങ്ങളൊന്നുമുണ്ടെന്നു തോന്നുന്നില്ല. ഈ സാഹചര്യത്തിൽ സന്യാസജീവിതത്തിന്റെ സുവിശേഷസാക്ഷ്യം എവിടെയെന്ന് സാധാരണ വിശ്വാസികളുടെ മനസ്സിൽ സംശയമുദിച്ചേക്കാം. ഈ സാക്ഷ്യം ഇല്ലാത്തിടത്ത് സന്യാസജീവിതത്തിനു പ്രസക്തിയില്ലല്ലോ.

സഭയിൽ അങ്ങിങ്ങ് മുഴങ്ങിക്കേൾക്കുന്ന അപസ്വരങ്ങളേയും ചിലരുടെ ഉള്ളിൽ ഒതുക്കിനിർത്തിയിരിക്കുന്ന നിഷേധാത്മകമായ വികാരവിചാരങ്ങളെയും പറ്റി ചിന്തിച്ചപ്പോൾ മനസ്സിലൂടെ കടന്നുപോയ ചില കാര്യങ്ങളാണ് ഇവിടെ കുറിച്ചത്. സഭയിലുള്ള നന്മയും വിശുദ്ധിയും അവഗണിച്ചുകൊണ്ടല്ല ഇതെഴുതുന്നത്. പോരായ്മകളും തെറ്റുകളുമുണ്ടെങ്കിൽ അതും ചൂണ്ടിക്കാണിക്കുന്നത് തെറ്റുകൾ തിരുത്താനും നന്മയിൽ വളരാനും സഹായകമാണല്ലോ. സഭയുടെ ലക്ഷ്യം ആത്യന്തികമായി ലോകത്തിൽ യേശുവിന്റെ സുവിശേഷമൂല്യങ്ങൾക്കു സാക്ഷ്യം വഹിക്കുക എന്നതാണ്. യേശു ദരിദ്രരോടും പാവപ്പെട്ടവരോടും പക്ഷം ചേർന്നതുപോലെ യേശുവിന്റെ സഭയും അങ്ങനെ ചെയ്തേ മതിയാവൂ. ഈ പക്ഷംചേരൽ വെറും ഐച്ഛികമല്ല. സഭ അങ്ങനെ ചെയ്തില്ലെങ്കിൽ പാവപ്പെട്ടവരും ദരിദ്രരും ക്രമേണ സഭയിൽ നിന്നകലും. തന്റെ ദൗത്യത്തിൽ സഭ പരാജയപ്പെടുകയും ചെയ്യും. അതുണ്ടാകാതിരിക്കാൻ വേണ്ടി ഇങ്ങനെയുള്ള കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. "കാലത്തിന്റെ അടയാളങ്ങൾ"കണ്ട് അവയോട് സൃഷ്ടിപരമായി പ്രതികരിക്കണമെന്നത് യേശു തന്നെ സഭയ്ക്കു നൽകിയിരിക്കുന്ന ദൗത്യമാണല്ലോ. ■

www.malankaralibrary.com



# നാലാം തൂണിന്റെ അടിക്കല്ലിളകുമ്പോൾ..

ഫാ. മാർട്ടിൻ ശങ്കൂരിക്കൽ


ജനാധിപത്യത്തിലെ ഫോർത്ത് എസ്റ്റേറ്റായ മാധ്യമങ്ങൾക്ക് സംഭവിച്ചിരിക്കുന്ന അപചയുതിയിലേക്ക് ഒരു കൈചൂണ്ടൽ

'മകളെ വ്യഭിചാരത്തിനു വിടുന്നതിനേക്കാൾ ഭയം മകനെ പത്രപ്രവർത്തനത്തിനു വിടാനാണെന്ന' തത്വചിന്തകൻ സോറൻ കീർക്കഗോറിന്റെ പ്രസ്താവന ഒരുപക്ഷേ അകം പഴുത്ത സമകാലിക ഫോർത്ത് എസ്റ്റേറ്റിനെക്കുറിച്ചുള്ള പ്രവചനാത്മകമായ താക്കീതായിരുന്നിരിക്കാം. എല്ലാ പ്രഭാതങ്ങളിലും പൗരബോധത്തെക്കുറിച്ച് നെടുങ്കൻ എഡിറ്റോറിയലുകൾ എഴുതി വായനക്കാരെ ബോധവൽക്കരിക്കുന്നവരേയും എല്ലാ സന്ധ്യകളിലും സദാചാരത്തിന്റെ തൂക്കുകട്ട പിടിച്ച് രാഷ്ട്രീയ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വങ്ങളെ മുൾമുനയിൽ നിർത്തുന്നവരേയും വിശുദ്ധ പശു (Holy Cow)ക്കളായി കണ്ട് പ്രത്യേക ഉയരത്തിൽ നിർത്തിയിരുന്നവർ ഇപ്പോൾ അവരുടെ മൺകാലുകൾകണ്ട് അന്തം വിടുകയാണ്.

ഇരുപതുകൊല്ലത്തെ ശമ്പളം ഞാൻ തരാമെന്ന ആണ്ടിമുത്തു രാജയുടെ വിലപറയലിനെ പുഷ്പം പോലെ വലിച്ചെറിഞ്ഞ് ജെ. ഗോപികൃഷ്ണനെന്ന മലയാളി പത്രപ്രവർത്തകൻ പുറത്തുകൊണ്ടുവന്നത് അധികാരത്തിന്റെ ഇടനാഴികളിലെ ഉപജാപ ങ്ങളിൽ മാധ്യമപ്രവർത്തകർക്കുള്ള പങ്കും തമസ്ക്കരിക്കപ്പെടുന്ന വാർത്തകൾക്കു ലഭിക്കുന്ന ഭീമൻ പ്രതിഫലവുമാണ്. എൻ. ഡി. റ്റി. വി എഡിറ്റർ ബർഖാദത്തും ഹിന്ദുസ്ഥാൻ ടൈംസ് എഡിറ്റോറിയൽ അഡ്വൈസറായ വീർ സംഘ്‌വിയും കോർപറേറ്റ് ലോകത്തിന്റെയും കനിമൊഴി-രാജമാരുടെയും ഏജന്റുമാരായി മാറിയപ്പോൾ വെളിപ്പെട്ടത് വിശ്വാസ്യത നഷ്ടപ്പെട്ട നാലാം തൂണി (Fourth Estate) ന്റെ സമകാലിക ജീർണ്ണത തന്നെ.

പണം പറ്റി വാർത്തയെഴുതി ജയിപ്പിക്കുന്ന മാധ്യമപ്രവർത്തകരും ജയിച്ചു കഴിഞ്ഞാൽ പണം കറന്നെടുക്കാൻ പറ്റിയ ലാവണങ്ങളിലേക്ക് രാജമാരെ കൂടിയിരുത്തുന്നവരും, പെയ്ഡ്ന്യൂസും മാധ്യമ സിൻഡിക്കേറ്റുമൊക്കെ പിണറായി വിജയന്റെ വികട സരസ്വതി മാത്രമല്ലെന്ന് തെളിയിച്ചിരിക്കുകയാണ്. കോർപറേറ്റ് സ്ഥാപനങ്ങളുടെ പത്രസമ്മേളനങ്ങളിൽ വിലപിടിപ്പുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുന്നതും

www.malankaralibrary.com





കപ്പേളപെരുന്നാളുകൾക്കുവരെ പത്രസമ്മേളനം വിളിച്ച് കവറും ഭക്ഷണവും കൊടുക്കുന്നതും ഒരേ ലക്ഷ്യത്തോടെ തന്നെ. വാർത്ത നാലുകോളത്തിൽ വരണം. പത്രങ്ങളിൽ വരുന്ന വാർത്തകളിൽ നല്ലൊരുപങ്കും പബ്ലിക് റിലേഷൻസ് ഓഫീസുകളുടെയും മാധ്യമ പ്രവർത്തകരുടേയും സൃഷ്ടിയും ഭാവനയുമാണെന്ന് തിരിച്ചറിയുമ്പോൾ അനാവരണം ചെയ്യപ്പെടുന്ന സത്യമെന്താണ്? വാർത്ത ഉണ്ടാവുകയല്ല, ഉണ്ടാക്കപ്പെടുകയാണ്.

"Everthing that fits to print" (അച്ചടിക്കാൻ യോഗ്യമായതെന്തും) എന്ന ന്യൂയോർക്ക് ടൈംസിന്റെ ആപ്തവാക്യം തന്നെ സമകാലിക പത്രപ്രവർത്തനത്തിന്റെ ദുർന്നടപ്പിന്റെ ദിശ വെളിപ്പെടുത്തുന്നതാണ്. "അച്ചടിക്കാൻ യോഗ്യമായതെന്തെ"ന്ന് തീരുമാനിക്കുന്നതാരാണെന്നതാണ് ഇവിടെ ഉയരുന്ന ചോദ്യം. എന്തൊക്കെക്കൊണ്ട് പത്രത്തിന്റെ പേജ് നിറയ്ക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം പത്രത്തിന്റെ/മാധ്യമത്തിന്റെ ധാർമ്മികതയെ വെളിപ്പെടുത്തുന്നതാണ്. പത്ര ഉടമയുടെ വാണിജ്യ താൽപര്യങ്ങളും പരസ്യദാതാക്കളുടെ നിക്ഷിപ്ത താൽപര്യങ്ങളും സാമുദായിക സമവാക്യങ്ങളുമൊക്കെ ചേർന്ന് ന്യൂസ്റൂമിൽ വാർത്തയെ ഒരു അവിയൽ നിർമ്മിതിയാക്കുന്നു.

"എന്താണ് സത്യം?" എന്ന ചോദ്യമാണ് പുതിയ നിയമത്തിൽ പ്രസക്തിയും അർത്ഥവുമുള്ള ഒരേയൊരു വാക്യമെന്ന് നീത്ഷേ തന്റെ "അന്തിക്രിസ്തു" (The Antichrist) എന്ന ഗ്രന്ഥത്തിലെഴുതി. ചോദ്യം ചോദിച്ച് കൈകഴുകി അപ്രസക്തനാവുകയും ചെയ്ത പീലാത്തോസിന് ഒരുപക്ഷേ ഏറ്റവും നല്ല ഉത്തരം കൊടുത്തത് ഇറ്റാലിയൻ നോവലിസ്റ്റായ ഉംബർത്തോ എക്കോയാണ്. അദ്ദേഹം പറഞ്ഞു: "വിജയിക്കുന്ന നുണയാണ് സത്യം." ഈ പ്രസ്താവനയെ ബോക്സോഫീസ് ഹിറ്റാക്കിയത് ഗുജറാത്തി പത്രങ്ങളായ സന്ദേശും ഗുജറാത്തി സമാചാറുമാണ്.

ഗുജറാത്ത് കലാപകാലത്ത് നിറംപിടിപ്പിച്ച നുണക്കഥകളും വെറുപ്പിന്റെ ഉജാലമുക്കിയ സ്ഥിതിവിവരകണക്കുകളും വഴി ഭൂരിപക്ഷ വർഗ്ഗീയതയെ ഈ പത്രങ്ങൾ ആളിക്കത്തിച്ചപ്പോൾ ചാമ്പലായത് ഒരു സമുദായത്തിന്റെ സ്വപ്നങ്ങളാണ്. കലാപത്തിനിടെ ഒരു ലക്ഷവും ഒന്നേകാൽ ലക്ഷവും വീതം സർക്കുലേഷൻ വർദ്ധിച്ച ഈ പത്രത്തെ പ്രെസ് ട്രസ്റ്റ് ഓഫ് ഇൻഡ്യ നിശിതമായാണ് വിമർശിച്ചത്. മന്ത്രിപുത്രൻ പിടിയിലാകുമെന്ന സ്ഥിതിയിലെത്തുമ്പോൾ പുറത്തു വരുന്ന നാർക്കോ അനാലിസിസ് സി.ഡികളും പറയുന്നത് ഇതു തന്നെ. "വിജയിക്കുന്ന നുണയാണ് സത്യം".

www.malankaralibrary.com



ഹിറ്റ്ലറിന്റെ ജൂതവിരുദ്ധ പ്രചരണത്തിന്റെ ടീം ലീഡറായിരുന്ന ഗീബൽസിന്റെ ജീനുകളുള്ള മാധ്യമ പ്രവർത്തകരിന്നേറെയാണ്. നിഷ്പക്ഷതയുടെ ജീവകം അവരുടെ ചിന്താലോകത്ത് കുറയുന്നതിനാൽ എഴുതപ്പെടുന്നത് വിജയിക്കുന്ന നുണകൾ മാത്രം. ഒരാളെ വെറുക്കപ്പെട്ടവനാക്കാനും നികൃഷ്ട ജീവിയാക്കാനും കാലഹരണപ്പെട്ട പുണ്യാളനാക്കാനും അവർക്ക് നിസ്സാര സമയം മതി. കാഴ്ച ശാസ്ത്രം ധർമ്മ ശാസ്ത്രമാണെന്നത് (Ethics is optics) എത്രയോശരി!

അടിയന്തിരാവസ്ഥക്കാലത്ത് എഡിറ്റോറിയൽ കോളം ശൂന്യമാക്കി പ്രതിഷേധിച്ച പത്രപ്രവർത്തകർ ഇന്ന് ബിംബവത്കരണത്തിന്റെ (Image Building) പണിപ്പുരകളിലാണ്.

"ഒരു സുപ്രഭാതത്തിൽ ധർമ്മ പുരിയിലെ പ്രജാപതിക്കു തൂറാൻ മുട്ടിയെന്ന" പ്രസ്താവനയിലൂടെ, അശ്ലീലത്തിന്റെ അസംബന്ധക്കരുത്തുകൊണ്ട് ഏകാധിപത്യത്തിന് പ്രതിരോധമതിൽ പണിത വിജയൻമാർ ധർമ്മപുരാണത്തിൽ നിന്ന് തലമുറകളിലേക്കെത്തുമ്പോഴേക്കും നിർവീര്യരാക്കപ്പെടുകയാണ്; നക്സലൈറ്റ് ഫിലിപ്പ് എം പ്രസാദ് സായിബാബ ഭക്തനായതുപോലെ. രാഖി കാ ഇൻ സാഫും ബിഗ് ബോസും പോലുള്ള തരംതാണ റിയാലിറ്റി ഷോകൾ പ്രൈം ടൈമിൽ സംപ്രേഷണം ചെയ്യുന്നവർക്ക് പ്രതിബദ്ധത ജനങ്ങളോടല്ല, പരസ്യദാതാക്കളോടു മാത്രം.

ഉപരിപ്ലവതകളിൽ അഭിരമിക്കുന്ന പുതുതലമുറ മാധ്യമപ്രവർത്തകർക്ക് വാർത്തയിലെ വാസ്തവത്തേക്കാൾ സെൻസേഷനാണ് പ്രധാനപ്പെട്ടത്. അടിസ്ഥാനപരമായ പൊതുവിജ്ഞാനം പോലുമില്ലാതെ മൈക്കും തൂക്കിയിറങ്ങുന്നവരും ജാഡയുടെ പരമകാഷ്ഠയിലിരിക്കുന്ന വാർത്താവതാരക്കാരും ചേർന്ന് സൃഷ്ടിക്കുന്നത് വാക്കുകളുടെ വയറിളക്കവും ചിന്തയുടെ മലബന്ധവുമാണ്. മാലാഖമാർ കയറാൻ മടിക്കുന്നിടത്ത് വിഡ്ഢികൾ ഇരച്ചുകയറുമെന്നാണല്ലോ പഴമൊഴി. സമാന്തര മാധ്യമങ്ങളുടെ ഒളിക്യാമറ ഓപ്പറേഷനുകൾക്കു കിട്ടുന്ന സ്വീകാര്യത, അപരന്റെ സ്വകാര്യതയിലേക്കൊളിഞ്ഞു നോക്കാനുള്ള അമർത്തിവയ്ക്കപ്പെട്ട ആഗ്രഹത്തിന്റെ പ്രകാശനമെന്ന നിലയിൽ കൂടിയാണ്. ഇത്തരം ഓപ്പറേഷനുകളിൽ കുടുങ്ങുന്ന വമ്പൻ സ്രാവുകൾ സൃഷ്ടിക്കുന്ന മാധ്യമ ബഹളങ്ങൾക്കിടയിൽ അടിസ്ഥാനപരമായ പ്രശ്നങ്ങൾ വിസ്മരിക്കപ്പെടുന്നു, ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് നടന്നപോലെ.

അകം പുഴുത്ത നാലാം തൂണിന് വേണ്ടത് പ്ലാസ്റ്റിക് സർജറികളോ മേക്കപ്പ് ഗിമിക്കുകളോ അല്ല. മറിച്ച് ചവിട്ടിയരക്കപ്പെടുന്ന സത്യത്തിന്റെ വീണ്ടെടുപ്പും മാധ്യമധാർമ്മികതയുടെ പുനഃസ്ഥാപനവുമാണ്. അല്ലെങ്കിൽ കോമാളിക്കളി ഇനിയും തുടരും. ■

www.malankaralibrary.com



# കേരളസഭയും 'കാലത്തിന്റെ അടയാളങ്ങളും'

ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM (Cap)

വഴിതെറ്റലും പുഴുക്കുത്തും കേരളസഭയിലെ സ്ഥാപനങ്ങളെ ബാധിച്ചിട്ടുണ്ടോ? ചെറിയവരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും അവകാശ സംരക്ഷണം സുവിശേഷവ്രതമായി കരുതേണ്ട സഭാജീവിതത്തിന്റെ ഒരു ആനുകാലിക വിശകലനം.

നാലഞ്ചുകൊല്ലം മുമ്പു സംഭവിച്ചതാണ്. ചെറിയാച്ചനും ഭാര്യയും രണ്ടാൺമക്കളുമടങ്ങുന്ന കുടുംബം. 35 സെന്റ് സ്ഥലമാണ് കുടുംബസ്വത്ത്. അതിൽ അഞ്ചാറുതെങ്ങും അഞ്ചെട്ടു കാപ്പിയും കുറച്ചു പച്ചക്കറികൃഷിയുമുണ്ട്. അടുത്ത വീടുകളിൽ പണിയുള്ളപ്പോൾ ചെറിയാച്ചനെ വിളിക്കും. കഠിനാദ്ധ്വാനിയായതുകൊണ്ട് വലിയ വിഷമമില്ലാതെ കുടുംബം പുലർത്തുന്നു. മൂത്തമകൻ പത്താം ക്ലാസ്സുകഴിഞ്ഞു. പഠിക്കാൻ മിടുക്കനാണ്. അവനെ എങ്ങനെയെങ്കിലും കൂടുതൽ പഠിപ്പിക്കണം. ഇടവകയുടേതായി ഹയർസെക്കന്ററി സ്കൂളുണ്ട്. പക്ഷേ ഫീസിനു പുറമേ 5000 രൂപ ഡൊണേഷൻ കൊടുക്കണം സീറ്റു കിട്ടണമെങ്കിൽ. ചെറിയാച്ചൻ മാനേജരച്ചനോട് ഒത്തിരി പറഞ്ഞുനോക്കി. ഫലമില്ല. സ്കൂളിനു പുതിയ കെട്ടിടം പണികൾ നടക്കണം. മറ്റു സജ്ജീകരണങ്ങൾ ഉണ്ടാക്കണം. എല്ലാറ്റിനും പണം വേണ്ടേ? അവസാനം മകനു നാലുകിലോമീറ്റർ നടന്നു ഗവൺമെന്റ് സ്കൂളിൽ തന്നെ പോയി പഠിക്കേണ്ടിവന്നു. ഇപ്പോൾ ചെറിയാച്ചനും കുടുംബവും ഒരു ചെറിയ പെന്തക്കുസ്താ ഗ്രൂപ്പിലെ സജീവാംഗങ്ങളാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഇത് ഒറ്റപ്പെട്ട സംഭവമൊന്നുമല്ല. സഭയ്ക്കും സന്യാസസഭകൾക്കും ഇന്നു നല്ല നിലയിൽ പ്രവർത്തിക്കുന്ന, നല്ല വിജയശതമാനമുള്ളതും പ്രശസ്തവുമായ അനവധി സ്കൂളുകളും കോളജുകളുമുണ്ട്. പണവും സ്വാധീനവുമുള്ളവരുടെ മക്കൾക്ക് പഠിച്ച് മിടുക്കരാകാൻ സുവർണ്ണാവസരങ്ങളാണുള്ളത്. എന്നാൽ, പഠിക്കാൻ സമർത്ഥരാണെങ്കിലും പാവപ്പെട്ടവരായതുകൊണ്ട് ഈ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കാത്ത എത്രയോ പേരാണുള്ളത്.

സ്കൂളുകളേയും കോളേജുകളേയുംകാൾ കൂടുതലായി കേരളകത്തോലിക്കർക്ക് ഇന്നു അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാവുന്നത് അനേകം കോടികൾ ചെലവഴിച്ച് അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി സഭയും സന്യാസസമൂഹങ്ങളും നടത്തുന്ന മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ്

www.malankaralibrary.com

കോളേജുകളും മറ്റു പ്രൊഫഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങളുമാണ്. ജാതിമത ഭേദമില്ലാതെ രാഷ്ട്രത്തിലെ പൗരന്മാർക്ക് സഭയുടെ വമ്പിച്ച ചെലവുള്ള ഈ വൻസഹായങ്ങൾ പ്രയോജനകരമാണെന്നതിനു സംശയമില്ല. സർക്കാരിന്റെ കടമ തന്നെയാണ് സഭ ഇവിടെ ഏറ്റെടുക്കുന്നത്. ലക്ഷങ്ങളുടെ ഫീസും ബഹുലക്ഷങ്ങളുടെ "നിർബന്ധിതസംഭാവന" കളും കൂടാതെ ഇവ നടത്താൻ സാധ്യമല്ലല്ലോ. ഇവയിൽ നിന്നും പ്രയോജനം നേടുവാൻ വലിയ സമ്പന്നർക്കേ കഴിയുകയുള്ളൂ എന്നതു വ്യക്തം. ഏതാനും മധ്യവർഗ്ഗക്കാർക്കും അങ്ങിങ്ങ് കുറച്ചു ഇളവുകൾ കിട്ടുന്നുണ്ടാകാം. സഭയുടെ ഇത്രയധികം ആസ്തിയും ധനസമാഹരണശേഷിയും എനർജിയും വ്യയംചെയ്തു നടത്തപ്പെടുന്ന ഈ സ്ഥാപനങ്ങൾ പണക്കാർക്കു മാത്രമേ ഗുണം ചെയ്യുന്നുള്ളല്ലോ എന്ന ചിന്ത സാധാരണക്കാരും പാവപ്പെട്ടവരുമായ സഭാമക്കൾക്കുണ്ടാകുന്നതു സ്വാഭാവികമാണല്ലോ.

പണ്ട് സഭയുടെ സ്കൂളുകളിലും കോളേജുകളിൽ നിന്നും പരിശീലനം നേടിയവർ സുദൃഢമായ ചില മൂല്യങ്ങളോടുകൂടി ആയിരുന്നു പുറത്തുവന്നിരുന്നത്. ഇന്നോ? പ്രവേശനവും നിയമനവും നേടാൻ വൻതുകകൾ "നിർബന്ധിത സംഭാവന"കളും കൈമടക്കുമായി കൊടുക്കേണ്ടി വരുന്ന അധ്യാപകർക്കും അധ്യേതാകൾക്കും എങ്ങനെയാണ് മൂല്യങ്ങളിൽ വിശ്വസിക്കാൻ കഴിയുക! മൂല്യങ്ങളെപ്പറ്റി ബോധവൽക്കരണം നൽകാൻ എങ്ങനെ ഈ സ്ഥാപനങ്ങൾക്കു കഴിയും!

## ആരോഗ്യ പരിപാലനരംഗം

വളരെയധികം മൂലധനം മുടക്കി സഭയും സന്യാസ സമൂഹങ്ങളും പ്രവർത്തിക്കുന്ന മറ്റൊരു സേവന രംഗമാണ് ആരോഗ്യപരിപാലനം. അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള ഹോസ്പിറ്റലുകളും സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുമെല്ലാം സഭയുടെ നേട്ടങ്ങളായി കൂട്ടാൻ കഴിയും. ഇവിടെയും സർക്കാരിന്റെ കടമയാണ് സഭയും സന്യാസ സമൂഹങ്ങളും ഏറ്റെടുത്തിരിക്കുന്നത്. പണ്ട് സർക്കാർ ഇതൊന്നും നടത്താതിരുന്നപ്പോൾ, ആശുപത്രികളും ഡിസ്പെൻസറികളുമെല്ലാം നടത്തി വിലപ്പെട്ട സേവനമാണ് സഭ പൊതുജനത്തിനു നൽകിയിരുന്നത്. ഇന്നും സർക്കാരിന്റെ മറ്റ് ഏജൻസികളുടെയും സേവനം ഈ രംഗത്തു വേണ്ടതുപോലെ ലഭിക്കാതെ



വരുമ്പോൾ, സഭയുടേയും സന്യാസ സ്ഥാപനങ്ങളുടെയും ഹോസ്പിറ്റലുകളും മറ്റും ആളുകൾക്ക് ഉപകാരപ്രദം തന്നെയെന്നതിനു സംശയമില്ല. എന്നാൽ ഈ രംഗത്തേ ചില കാര്യങ്ങൾ യേശുവിന്റെ സുവിശേഷത്തിന് എതിർ സാക്ഷ്യങ്ങളായിത്തീരുന്നില്ലേ എന്നു പരിശോധിക്കുന്നതു നന്നായിരിക്കും. അതിനുദാഹ

www.malankaralibrary.com

രണമാണ്, ഡോക്ടേഴ്സിനു ബ്ലായ്ക്കിൽ കൊടുക്കുന്ന അതിഭീമമായ ശമ്പളവും, അതു സമാഹരിക്കാനായി സന്യാസിനികളും അല്ലാത്തവരുമായ നേഴ്സുമാർക്കും, പിന്നെ നാലാം ഗ്രേഡ് ജോലിക്കാർക്കും കൊടുക്കുന്ന അപഹാസ്യമാംവിധം താഴ്ന്ന വേതനവും, രോഗികളെ ഞെക്കിപ്പിഴിഞ്ഞു പിരിക്കുന്ന അന്യായമായ ബില്ലുകളും. ഇതു സാധാരണക്കാരേയും പാവപ്പെട്ടവരേയും വല്ലാതെ വിഷമിപ്പിക്കുകയും സഭയിൽ നിന്നും സഭാസ്ഥാപനങ്ങളിൽ നിന്നും അകറ്റുകയും ചെയ്യുന്ന കാര്യമാണ്. ഡോക്ടേഴ്സിനു ഇങ്ങനെ ബ്ലായ്ക്കിൽ ശമ്പളം കൊടുത്തില്ലെങ്കിൽ അവർ മറ്റു ഹോസ്പിറ്റലുകളിലേക്ക് മാറിപ്പോയേക്കും എന്ന വാദം ഈ അനീതിയെ ന്യായീകരിക്കാൻ മതിയാകുമെന്നു തോന്നുന്നില്ല.

സമൂഹജീവിതത്തിലെ മിക്ക മേഖലകളിലും വ്യാപകമായ തോതിൽ ഇന്ന് അഴിമതിയും കൈക്കൂലിയുമെല്ലാം നടമാടുകയാണ്. നിയമനിർമ്മാണ നിർവ്വഹണസ്ഥാപനങ്ങളെയും നീതിപീഠങ്ങളെപ്പോലും ജനങ്ങൾ ഇന്ന് സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്. ഈ അവസ്ഥയിൽ സഭയിലും അതിന്റെ സ്ഥാപനങ്ങളിലുമെങ്കിലും സത്യത്തിനും നീതിക്കുമെല്ലാം സ്ഥാനമുണ്ടാകുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. അവിടെയും മൂല്യച്യുതി സംഭവിച്ചാലോ?

## മതാനുഷ്ഠാനരംഗം

സാധാരണ ജനങ്ങളെയും പാവപ്പെട്ടവരെയും സഭയിൽ നിന്നകറ്റുന്ന ചില പ്രവണതകളും വഴക്കങ്ങളും സഭാസ്ഥാപനങ്ങളിൽ ദൃശ്യമാണെങ്കിലും വിശ്വാസികൾക്ക് ആവശ്യമായ ആധ്യാത്മിക കാര്യങ്ങളെല്ലാം സഭയിൽ നിന്ന് നടത്തിക്കൊടുക്കുന്നുണ്ടല്ലോ എന്നു ചില വൈദികരും സന്യസ്തരും പറയാറുണ്ട്. ഭാഗികമായി അതു ശരിയുമാണ്. വിശ്വാസികളുടെ ആധ്യാത്മികമായ ആവശ്യങ്ങളും സൗകര്യങ്ങളും മുൻനിർത്തിയാണല്ലോ ബഹുലക്ഷങ്ങൾമാത്രമല്ല ചിലേടത്ത് ബഹുകോടികൾ തന്നെ ചെലവഴിച്ച് പടുക്കൂററൻ പള്ളികൾ പണിതിരിക്കുന്നത്. അതുപോലെതന്നെ അവർക്കുവേണ്ടിയാണല്ലോ കവലകളിലും പാതയോരങ്ങളിലും ബഹുലക്ഷങ്ങൾ മുടക്കി കപ്പേളകളും കുരിശടികളും തീർത്തിരിക്കുന്നത്. അവർക്കുവേണ്ടി ഇന്നു പല പള്ളികൾക്കുചുറ്റും സ്ലീവാപ്പാഥസ്റ്റേഷനുകൾ, ജപമാല സ്റ്റേഷനുകൾ ഭീമാകാരമായ രൂപങ്ങൾ, ചെമ്പും പിത്തളയും പൊതിഞ്ഞ കൊടിമരങ്ങൾ, അനേകനിലകളുള്ള നിലവിളക്കുകൾ എല്ലാം അവരുടെ മതാത്മക ജീവിതത്തെ സഹായിക്കുവാൻ ഏറെ പണം ചെലവുചെയ്തു പണിതിട്ടുള്ളതാണല്ലോ. വിശ്വാസികളിൽ നിന്ന് പണം പിരിച്ചാണ് എല്ലാം പണിതതെങ്കിലും, അവരുടെ ഉപരിനന്മയ്ക്കുവേണ്ടിയാണല്ലോ അതെല്ലാം. വി.കുർബാനയുടെ ആഘോഷവും കൂദാശകളുടെ പരികർമ്മവുമൊന്നും മുടങ്ങുന്നില്ല. പിന്നെ, പെരുന്നാളുകൾ, നൊവേനകൾ, പ്രദക്ഷിണങ്ങൾ, അസാദ്ധ്യകാര്യങ്ങളുടെ മധ്യസ്ഥന്മാരോടുള്ള പ്രത്യക ഭക്തിമുറകൾ, വിശ്വാസവിളംബരജാഥകൾ, തീർത്ഥാടനങ്ങൾ, കരിസ്മാറ്റിക് ധ്യാനങ്ങൾ, ബൈബിൾ കൺവെൻഷനുകൾ തുടങ്ങി എത്രയെത്ര ഭക്താനുഷ്ഠാനങ്ങളും ആചാരങ്ങളുമാണ് വിശ്വാസികൾക്കുവേണ്ടി സംഘടിപ്പിക്കപ്പെടുന്നത്.

> നിയമനിർമ്മാണനിർവ്വഹണ സ്ഥാപനങ്ങളെയും നീതിപീഠങ്ങളെപ്പോലും ജനങ്ങൾ ഇന്ന് സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്.

ഇവിടെ ഒരു ചോദ്യമുദിച്ചേക്കാം. ഇവയെല്ലാം വിശ്വാസികളുടെ യഥാർത്ഥമായ ആധ്യാത്മികജീവിതത്തെ പരിപോഷിപ്പിക്കുന്നുണ്ടോ? യേശു പഠിപ്പിച്ച നീതി, സ്നേഹം, ക്ഷമ, സേവനം, സ്വയം പരിത്യാഗം തുടങ്ങിയ മൂല്യങ്ങൾ ജീവിക്കാൻ സഹായിക്കുന്നുണ്ടോ? അതോ മതാത്മകമായ വെറും അനുഷ്ഠാനങ്ങളും ആചാരങ്ങളുമായിത്തീരുന്നില്ലേ അവ. സജീവമായ വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത, യേശുവിന്റെ സുവിശേഷമനുസരിച്ച് സ്വാർത്ഥത വെടിഞ്ഞ് അപരനുവേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും സഹായകമല്ലാത്ത അനുഷ്ഠാനങ്ങളും ആചാരങ്ങളും അർത്ഥമില്ലാത്തവയാണല്ലോ. സാമ്പത്തിക പരിഗണനകളല്ലേ പലഭക്തി മുറകളുടേയും ആചരണങ്ങളുടെയും ഉത്ഭവവും പ്രചോദനവുമെന്നും അന്വേഷിക്കേണ്ടതുണ്ട്.

സഭാത്മക ജീവിതത്തിൽ നിന്ന് അകന്നുനിൽക്കുന്ന അഭ്യസ്തവിദ്യരുടെയും ബുദ്ധിജീവികളു

www.malankaralibrary.com

ടെയും ഒരു നീണ്ട നിര തന്നെ ഇന്നു കാണുവാൻ കഴിയും. അവർ ഞായറാഴ്ചകളിൽ പള്ളിയിൽ പോയേക്കും. ആണ്ടുകുമ്പസാരം കഴിച്ചേക്കും. അതിനൊക്കെ പാരിഷ് രജിസ്റ്ററിൽ നിന്നു പേരുവിട്ടു പോയാൽ കല്ല്യാണം, മാമ്മോദീസാ, കുട്ടികളുടെ ആദ്യ കുർബാനസ്വീകരണം തുടങ്ങിയ കാര്യങ്ങൾക്കു ബുദ്ധിമുട്ടുണ്ടായേക്കുമെന്നതുകൊണ്ട്. പിന്നെ സ്കൂൾ, കോളേജ് പ്രവേശനത്തെയും നിയമനത്തെയും ബാധിക്കുമെന്ന പേടിയുമുണ്ടാകും. അതുകൊണ്ടുമാത്രം. അവരുടെ നിസ്സംഗതയുടെ ഒരു കാരണം മിക്കപ്പോഴും അനുഷ്ഠാനങ്ങൾക്കും ആചരണങ്ങൾക്കും കൊടുക്കുന്ന അമിതപ്രാധാന്യവും സഭാജീവിതത്തിൽ നിന്നുള്ള സുവിശേഷ മൂല്യങ്ങളുടെ ചോർച്ചയുമാണ്. അടുത്തു പരിചയപ്പെടുമ്പോൾ മാത്രമേ അതറിയാൻ കഴിയൂ.

രണ്ടാമതൊരു കാരണം വൈദികരുടെയും മറ്റു സഭാധികാരികളുടെയും പെരുമാറ്റ രീതിയാണ്. പട്ടം

> സഭ ഇന്നു നേരിടുന്ന ഗൗരവതരമായ മറ്റൊരു വെല്ലുവിളിയാണ് സന്യാസസഭകളിലുണ്ടായിരിക്കുന്ന മൂല്യശോഷണം.

കിട്ടി സെമിനാരിയിൽ നിന്നു പുറത്തിറങ്ങിയ കൊച്ചച്ചൻപോലും അധികാരത്തോടെ കൽപിക്കാൻ കഴിയുന്നവനും എല്ലാം അറിയുന്നവനുമായ അജപാലകനാണല്ലോ. അത്യാവശ്യമൊന്നുമില്ലെങ്കിലും വികാരിയച്ചനും കുറെ ഇടവക മുഖ്യരും കൂടി തീരുമാനിക്കുന്ന പള്ളിപ്പണിക്കും പള്ളിമുറിപണിക്കും പാരിഷ്ഹാൾ പണിക്കും, പിന്നെ സ്മാരകങ്ങളുടെയും മറ്റു ശിൽപ്പങ്ങളുടെയും നിർമ്മിതിക്കുമായി വീതപ്പിരിവും മാസപ്പിരിവും പിന്നെ "നിർബന്ധിത സംഭാവന"കളുമൊക്കെ കൊടുക്കേണ്ടിവരുമ്പോൾ പാവപ്പെട്ട വിശ്വാസികൾക്കുമാത്രമല്ല, അത്രസമ്പന്നരൊന്നുമല്ലാത്ത മധ്യവർഗ്ഗങ്ങൾക്കും പരാതിയും പിറുപിറുപ്പുമുണ്ടാകും. അതിനവരെ കുറ്റപ്പെടുത്താൻ സാധിക്കയില്ലല്ലോ.

## സഭയിൽ സ്ത്രീകളുടെ സ്ഥാനം

സാമൂഹ്യജീവിതത്തിലും രാഷ്ട്രീയരംഗങ്ങളിലുമെല്ലാം പുരുഷനൊപ്പം സമത്വത്തിലേക്കു വരാനുള്ള സ്ത്രീകളുടെ അവകാശത്തെ സമൂഹം ഇന്നും പൊതുവേ അംഗീകരിക്കുന്നുണ്ട്. എല്ലാ രംഗങ്ങളിലും കൂടുതൽ കൂടുതൽ പങ്കാളിത്വവും ഉത്തരവാദിത്വവും അവർക്കു ലഭിക്കുന്നുമുണ്ട്. എന്നാൽ നൂറ്റാണ്ടുകളായി സ്ത്രീകളുടെ നേർക്കു സഭയിൽ നിലനിൽക്കുന്ന വിവേചനം ഇന്നും തുടരുകയാണ്; ചില ഒറ്റപ്പെട്ട വ്യക്തികൾക്കു പേരിനു മാത്രം ചിലസ്ഥാനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും. വിശ്വസജീവിതത്തിലും സഭാസേവനരംഗങ്ങളിലുമെല്ലാം ഏറ്റവും കൂടുതൽ തീക്ഷ്ണതയോടും ഉത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കുന്നവർ അവരാണ്. എന്നാൽ സഭയുടെ ആലോചനാ സമിതികളിലും നിർവാഹക സമിതികളിലും അവർക്കിന്നും കാര്യമായ പങ്കില്ലെന്നത് ഒരു ദുഃഖസത്യമാണ്. ചില സഭാസമൂഹങ്ങളിൽ മദ്ബഹായിൽ പ്രവേശിക്കാനുള്ള അർഹതപോലും അവർക്കില്ല. അൾത്താര ബാലികമാരുടെ സാന്നിധ്യം പോലും വിശുദ്ധ സ്ഥലം അശുദ്ധമാക്കുമത്രെ! ഈ വിവേചനം മറ്റനേകം രംഗങ്ങളിൽ അവർക്കെതിരെയുള്ള വിവേചനത്തിന്റെ വെറുമൊരു പ്രതീകം മാത്രമാണ്. അവർ ഇങ്ങനെ തങ്ങളുടെ നേർക്കുള്ള വിവേചനത്തിനെതിരെ പലരുടെയും മനസ്സിൽ പ്രതിഷേധം പുകയുന്നുണ്ടെങ്കിൽ, അത് ഒട്ടും ശുഭസൂചകമല്ലല്ലോ.

## അവശ ക്രൈസ്തവർ

അവശ ക്രൈസ്തവരുടെ നേർക്കുള്ള സർക്കാരിന്റെ അവഗണനയ്ക്കെതിരെ സഭ ഇന്നു സ്വരമുയർത്തുകയും അവർക്ക് അർഹമായ അവകാശങ്ങൾക്കു വേണ്ടി വാദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അവരെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർത്തി സഭാരംഗങ്ങളിൽ തന്നെ മുഖ്യധാരയിലേക്കു കൊണ്ടുവന്നിട്ടില്ല എന്നത് യേശുവിന്റെ അനുയായികളുടെ ലജ്ജാകരമായ പരാജയമാണെന്നു സമ്മതിക്കാതെ വയ്യ. ഈ സ്ഥിതി തുടർന്നാൽ അവരും സഭയിൽ നിന്നു കൂടുതൽ കൂടുതൽ അകലുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു.

www.malankaralibrary.com



## സന്യാസസഭകൾ

സഭ ഇന്നു നേരിടുന്ന ഗൗരവതരമായ മറ്റൊരു വെല്ലുവിളിയാണ് സന്യാസസഭകളിലുണ്ടായിരിക്കുന്ന മൂല്യശോഷണം. മാർബോസ്ക്കോ പുത്തൂർ എഴുതുന്നു: "എക്കാലത്തും പ്രസക്തമായ സന്യാസ ജീവിതവും മൂല്യശോഷണംവഴി ഉറകെട്ട ഉപ്പായിത്തീരാം, നിർജ്ജീവമായി എരിഞ്ഞുതീരാം. അങ്ങനെ വരുമ്പോഴാണ് ഈ ജീവിതത്തിന്റെ പ്രസക്തിയെപ്പറ്റി ചോദ്യങ്ങളുണ്ടാകുന്നത്" (സോജൻ പോൾ പീക്കുന്നേൽ, സ്നേഹം പെയ്തിറങ്ങുന്ന സന്യാസം, തെള്ളകം 2011, P. VI).

ഇന്നു പലേടത്തും സന്യാസദൈവവിളികൾ ഇല്ലാതാകുന്നതു തന്നെ ഇങ്ങനെയുള്ള ചോദ്യങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണല്ലോ. പാശ്ചാത്യസഭയിൽ വലിയ വലിയ മോണാസ്റ്ററികളും മഠങ്ങളും ആളില്ലാതെ ഒഴിഞ്ഞുകിടക്കുന്നു, അല്ലെങ്കിൽ ഹോട്ടലുകളും റസ്റ്റോറന്റുകളുമായി രൂപാന്തരപ്പെടുന്നു. ദൈവവിളി സമ്പന്നമായിരുന്ന കേരളത്തിലും ഈ അവസ്ഥ അനുഭവപ്പെട്ടു തുടങ്ങിയിരിക്കയാണ്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം അഥവാ കന്യകാത്വം എന്നീ സുവിശേഷോപദേശങ്ങൾ വ്രതങ്ങളായി ഏറ്റെടുത്ത് യേശുവിനും സുവിശേഷമൂല്യങ്ങൾക്കും സാക്ഷ്യം വഹിച്ചു ജീവിക്കുന്നവരാണ് സന്യസ്തർ എന്നു കരുതുവാൻ വിശ്വാസികൾക്കു ഇന്നു സാധിക്കുമോ? യേശു പറഞ്ഞതുപോലെ വീടും നാടും സ്വന്തപ്പെട്ടവരെയുമെല്ലാമുപേക്ഷിച്ച് ദരിദ്രർക്കും രോഗികൾക്കും സമൂഹത്തിലെ അവശർക്കും അവഗണിക്കപ്പെട്ടവർക്കും വേണ്ടി സ്വയം മറന്ന് തങ്ങളുടെ ജീവനും എനർജിയുമെല്ലാം വ്യയംചെയ്യുന്ന അർപ്പിതരായ സന്യസ്തർ, വിശിഷ്യാ സന്യാസിനികൾ, അനവധിയുണ്ടെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. എന്നാൽ മറുവശത്ത് ഈ മൂല്യങ്ങളിലൊന്നും വിശ്വാസമില്ലാതെ, മറ്റെന്തൊക്കെയോ താല്പ്പര്യങ്ങളോടുകൂടി, യേശുവിന് എതിർസാക്ഷ്യമായി ജീവിക്കുന്ന സന്യസ്തരും ഇന്ന് ഒട്ടും കുറവല്ല. വ്യക്തികളെ സംബന്ധിച്ച് മാത്രമല്ല, സമൂഹങ്ങളെ സംബന്ധിച്ചും ഇങ്ങനെയായിരിക്കും വിശ്വാസികൾക്ക് അനുഭവപ്പെടുക. ഭീമമായ ഡൊണേ

*......ശേഷം പേജ് 17-ൽ*

www.malankaralibrary.com



# ഇവിടെ എല്ലാവർക്കും സുഖമല്ല!

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

സ്വയം നവീകരിക്കാത്ത സഭാസമൂഹം ഉറകെട്ടുപോയ ഉപ്പുപോലെയാകും. കേരള സഭയുടെ ലവണാംശവും ഉൾപ്രകാശവും വീണ്ടെടുക്കാൻ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ.

സഭക്കകത്തും പുറത്തുമുള്ള സകല മനുഷ്യർക്കും സുഖമുണ്ടാകുമ്പോഴേ സഭക്ക് സുഖമുണ്ടാകൂ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയുടെ ആദ്യവാക്യത്തിൽ ഈ സൂചനയുണ്ട്: ഇക്കാലത്തെ മനുഷ്യരുടെ ആഹ്ലാദവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്ക്കണ്ഠകളും ക്രിസ്തുവിന്റെ എല്ലാ അനുയായികളുടെയും ആഹ്ലാദവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്ക്കണ്ഠകളുമാകുന്നു. ആത്മീയവും ഭൗതികവുമായി നാനാതരത്തിൽ സുഖമില്ലാത്ത മനുഷ്യരുള്ളിടത്തോളംകാലം സഭക്ക് സ്വസ്ഥത ഉണ്ടാവുകയില്ല. നീറിപ്പിടിക്കുന്ന ഈ അസ്വസ്ഥത ഭൂമിയിൽ ദൈവരാജ്യം സംസ്ഥാപിതമാകുവോളം സ്വയം നവീകരിക്കാൻ സഭയെ നിർബന്ധിച്ചുകൊണ്ടിരിക്കും. ഇത് കേരളസഭയെ സംബന്ധിച്ചും ബാധകമാണ്.


## നവീകരണത്തിന്റെ ഇടുങ്ങിയ വഴി

കേരളസഭക്ക് അഭിമാനകരമായി പല കാര്യങ്ങളുണ്ട്. ഇനിയും ശോഷിക്കാത്ത വൈദികവിളികളും കരിസ്മാറ്റിക് നവീകരണം കൊണ്ടുവന്ന ആത്മീയ വസന്തവും സഭാഘടനകളുടെ കെട്ടുറപ്പുമെല്ലാം അവയിൽ ചിലതു മാത്രമാണ്. പക്ഷേ ഇവയൊന്നും ഭൂമിയിൽ ക്രിസ്തുവിന്റെ തുടർച്ചയായി വർത്തിക്കുക എന്ന സഭയുടെ പരമമായ ലക്ഷ്യപൂർത്തീകരണത്തിന് പകരമാവുകയില്ല. ഇതിനുവേണ്ടിത്തന്നെയാണ് സഭ സ്വയം നവീകരിക്കേണ്ടത്. അല്ലാതെ സഭ അപ്പാടെ ജീർണ്ണിച്ചുപോയെന്നോ അതിന്റെ ഘടനകൾ നിർജ്ജീവമായെന്നോ കരുതിയിട്ടല്ല.

സഭാനവീകരണത്തിന്റെ ആദ്യപടി ആത്മവിമർശനാത്മകമായ ഉൾനോട്ടമാണ്. ഇത്തരത്തിൽ സഭാനവീകരണത്തിന്റെ ആദ്യചുവടുകൾ വച്ചത് ജറുസലേം കൗൺസിലാണ് (നടപടി 15: 1–22). അതിനുശേഷം എത്രയോ സിനഡുകൾ, ദൂരക്കാഴ്ച്ചയുള്ള സഭാപിതാക്കന്മാർ, പ്രവാചകവീര്യമുള്ള വിശുദ്ധർ, ഉള്ളിൽ അഗ്നിയുള്ള ദൈവശാസ്ത്രജ്ഞന്മാർ, സുവിശേഷ പ്രഭയുള്ള സന്യാസപ്രസ്ഥാനങ്ങൾ... സഭാനവീകരണത്തിനുവേണ്ടി യത്നിച്ചിട്ടുണ്ട്.

നിരന്തരം സ്വയം നവീകരിക്കാത്ത സഭാസമൂഹം ഉറകെട്ടുപോയ ഉപ്പുപോലെയാകും; ആർക്കും വെളിച്ചം കൊടുക്കാൻ കെല്പില്ലാത്ത, കട്ടിലിനടിയിൽ വച്ച വിളക്കുപോലെയാകുമത്. ഈ സാഹചര്യത്തിൽ കേരളസഭയുടെ ലവണാംശവും ഉൾപ്രകാശവും വീണ്ടെടുക്കാൻ നാം ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ ആത്മ വിമർശനത്തിന്റെ നമ്രതയോടെ സൂചിപ്പിക്കുകയാണ്. വിമർശനവിധേയമാകുന്ന വിഷയങ്ങൾ സഭയിൽ എല്ലാവർക്കുമോ എല്ലായിടത്തുമോ

www.malankaralibrary.com



ഒരുപോലെ ബാധകമല്ല എന്നത് എടുത്തു പറയേണ്ട തില്ലല്ലോ.

## 1. സഭയുടെ തനിമ

സഭയുടെ തനിമ ദൈവശാസ്ത്രബുദ്ധ്യാ തിരിച്ചു പിടിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭയെ ഒരു സമുദായ സംഘടനയായോ സഹകരണസംഘ മായോ സാധുജനസേവന പ്രസ്ഥാനമായോ മാത്രം മനസ്സിലാക്കുന്ന പ്രവണത ഏറിവരുന്നുണ്ട്. സഭയെ ദൈവജനമായി വത്തിക്കാൻ കൗൺസിൽ അവതരി പ്പിച്ചു. അതുകൊണ്ടുതന്നെ സഭയിൽ ദൈവത്തിന്റെ സ്ഥാനംതന്നെയാണ് സർവ്വപ്രധാനം. സുവിശേഷ ങ്ങൾ വ്യക്തമാക്കുന്ന ദൈവത്തെപ്പറ്റി സഭ നിരന്തരം പറഞ്ഞുകൊണ്ടിരിക്കണം. സഭയിലെ സകലകാര്യ ങ്ങളും ഘടനകളും തീരുമാനങ്ങളും നിലപാടുകളും ദൈവത്തെ മുൻനിർത്തിയാകണം നടക്കേണ്ടത്. അതിന് സുവിശേഷങ്ങളിലെ ഈശോ സഭയുടെ പ്രചോദനമാകണം; അതില്ലാതെ പോയാൽ സഭയുടെ സേവനമേഖല ബിസിനസുപോലെയായി മാറും; സഭ രാഷ്ട്രീയരംഗത്തെ അധികാരക്കളിയിൽ കക്ഷിയായി ത്തീരും; വൈദികർ സഭയിൽ യജമാനന്മാരെപ്പോ ലെ പെരുമാറാൻ തുടങ്ങും.

## 2. എല്ലാവരുടേതുമായ സഭ

സഭ ലോകത്തിൽ ഇടപെടണം. പക്ഷേ അത് എല്ലാ മനുഷ്യർക്കുംവേണ്ടിയാകണം. സഭ സ്വസമുദായ ത്തിന്റെ വക്താവുമാത്രമായിപ്പോകുന്ന ദുരവസ്ഥ ഇന്നുണ്ട്. എല്ലാ അതിക്രമങ്ങളും സാമൂഹികവിപ ത്തുകളും സഭയെ നോവിപ്പിക്കണം. കത്തോലിക്ക രെയും സമർപ്പിതരെയും നേരിട്ടു ബാധിക്കുന്നവ മാത്രമാകരുത് സഭയുടെ നൊമ്പരവിഷയങ്ങൾ. ന്യൂന പക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷി ക്കാൻ സഭ കാണിക്കുന്ന വീറും വാശിയും (അതു വേണ്ടതുതന്നെയാണ്) കർഷകരുടെ ഉന്നമനത്തിനും പ്രകൃതിസംരക്ഷണത്തിനും മെച്ചപ്പെട്ട രാഷ്ട്രീയ സംസ്കാരം സൃഷ്ടിക്കുന്നതിനും കാണിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ലാഭമുള്ള ഏർപ്പാടിന്റെ കോട്ട കാക്കാൻ സഭ ചാടിവീഴുന്നു എന്ന ആക്ഷേപം ബാക്കി യാകും. എല്ലാവരുടേതുമായ സഭ സമുദായത്തിന്റെ സ്വന്തം സ്ഥാനാർത്ഥികൾക്കുവേണ്ടി രാഷ്ട്രീയ വില പേശൽ നടത്തുകയില്ല; മറിച്ച് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെക്കൊണ്ട് എല്ലാ മനുഷ്യർക്കും വേണ്ടി പണിയെടുപ്പിക്കാൻ നോക്കും. മുഴുവൻ മനുഷ്യർക്കുംവേണ്ടി നിലകൊള്ളുന്ന സഭയേ ഭൂമി യുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകൂ.

## 3. കേൾക്കുന്ന സഭ

സഭയിലെ ആന്തരിക ഉണർവ്വ് തിരിച്ചുപിടിക്കാൻ, പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭ കേൾക്കുകയും പഠിക്കുകയും ചെയ്യുന്ന സഭകൂടിയാ കണം. കേൾക്കുക എന്നാൽ ആന്തരിക വിമർശന ത്തിന് ഇടം കൊടുക്കുക എന്നുകൂടിയാണർത്ഥം. മി ക്കപ്പോഴും വിമർശകരെയും വിമതരെയും കേൾ ക്കേണ്ടിവരും. ന്യായമില്ലാത്ത ആരോപണങ്ങൾക്ക് ചെവികൊടുക്കേണ്ടിവരും. സ്വന്തം ബോധ്യങ്ങളെക്കുറിച്ച് അപാരമായ ആത്മവിശ്വാസമുള്ളവർക്കും ആരിലൂ

www.malankaralibrary.com

ടെയും പരിശുദ്ധാത്മാവിന് പ്രവർത്തിക്കാം എന്ന വിനയഭാവമുള്ളവർക്കുമേ പോരുകോഴിയെ പ്പോലെ പറന്നുകൊത്താൻ വരുന്നവരെയും കേൾക്കാൻ സാധിക്കൂ. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും തലംവിട്ട് സഭയിൽ പരസ്പരം വിയോജിക്കാവുന്ന മേഖലകളുണ്ട്. സ്വതന്ത്രമായ ആശയ വിനിമയത്തിനുള്ള ഇടങ്ങൾ വിവിധ തലങ്ങളിൽ സഭയിൽ ഇനിയും ഉണ്ടാകണം; നിലവിലുള്ളവ സജീവമാകണം. കേൾക്കുന്ന സഭ എന്ന ചൈതന്യമില്ലെങ്കിൽ എന്നോട്, അല്ലെങ്കിൽ ഞങ്ങളോടു വിയോജിക്കുന്നവരൊക്കെ സഭാവിരുദ്ധരാണെന്ന് പറയാനുള്ള പ്രവണതയുണ്ടാകും. ഉച്ചത്തിൽ പറയുന്നവരെ മാത്രമല്ല മൗനികളായിപ്പോകുന്നവരെക്കൂടി കേൾക്കുമ്പോഴേ സഭക്ക് ക്രിസ്തുവിന്റെ കാതുകളുണ്ട് എന്ന് പറയാനാകൂ.

## 4. സുതാര്യത

എല്ലാക്കാര്യങ്ങളിലുമുള്ള സുതാര്യത മലയിലുയർത്തിയ ദീപംകണക്കെ സഭയെ ലോകത്തിൽ പ്രതിഷ്ഠിക്കും. പക്ഷേ പണസംബന്ധമായ വിഷയങ്ങളിലാണ് സഭയിൽ ഏറ്റവും കൂടുതൽ അതാര്യത ആരോപിക്കപ്പെടുന്നതും അതുകൊണ്ടുതന്നെ ഏറ്റവുമധികം വിമർശനങ്ങൾ ഉണ്ടാകുന്നതും. സഭയുടെ പ്രവർത്തനങ്ങൾക്ക് പണം അനിവാര്യമാണ്. എന്തൊക്കെയാണ് സഭയുടെ സാമ്പത്തിക ആവശ്യങ്ങൾ എന്നതിനെക്കുറിച്ച് സഭാ പ്രബോധനങ്ങൾക്ക് വ്യക്തതയുണ്ട്. ദൈവാരാധനയുടെ ചെലവുകൾക്കും സഭാശുശ്രൂഷികളുടെ മാന്യമായ പരിപാലനത്തിനും സഭയുടെ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും പാവപ്പെട്ടവരെ സഹായിക്കാനുമായാണ് സഭയുടെ ധനം (Presbyterorum Ordinis, 17; CCEO 1007; CIC 1255). പക്ഷേ ഈ ലക്ഷ്യങ്ങൾക്ക് നിരക്കാത്ത രീതിയിലുള്ള പണസമ്പാദനവും വ്യയംചെയ്യലും സഭയുടെ മറ്റെല്ലാ നന്മകളെയും ഹനിച്ചു കളയുന്നു. കാലാകാലങ്ങളായി സഭാസ്ഥാപനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങളുടെ നന്മയും സാമൂഹിക അംഗീകാരത്തിന്റെ മിച്ചമൂല്യവും ഒരുപക്ഷേ മുൻകാല പ്രാബല്യത്തോടെയെന്നവണ്ണം തട്ടിത്തെറിപ്പിക്കുന്നത് കുറച്ചെങ്കിലും സ്ഥാപനങ്ങളുടെ പണക്കൊതിയാണ്. സൂര്യപ്രകാശമാണ് ഏറ്റവും നല്ല അണുനാശിനി. അമേരിക്കൻ സുപ്രീം കോടതിയിലെ ജസ്റ്റിസ് Louis Brandeis നടത്തിയ പ്രസിദ്ധമായ പ്രയോഗമാണിത്. അടിസ്ഥാനരഹിതമായ പേരുദോഷത്തിന്റെയുൾപ്പെടെയുള്ള അണുബാധ ഒഴിവാക്കാൻ സുതാര്യതയുടെ സൂര്യപ്രകാശം എല്ലാ രംഗങ്ങളിലും വീഴേണ്ടതുണ്ട്.

## 5. ആന്തരിക വളർച്ച

സഭയുടെ വളർച്ച ഏതാണ്ടു ബാഹ്യമായിമാത്രം കണക്കാക്കുന്ന രീതി ഇന്ന് പ്രബലമാകുന്നുണ്ട്. രൂപതകളുടെയും, വിശ്വാസികളുടെയും, സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, സന്യസ്തരുടെയും, നടന്ന സെമിനാറുകളുടെയും, തിരുനാളാഘോഷങ്ങളുടെയും എണ്ണംനോക്കി സഭയുടെ വളർച്ച പരിഗണിക്കുന്നത് ശരിയാകണമെന്നില്ല. യഥാർത്ഥത്തിൽ സഭയുടെ വളർച്ച അളക്കേണ്ടത് അത് എന്തുമാത്രം ദൈവരാജ്യ സമാനമായി മാറുന്നുണ്ട് എന്നു നോക്കിയിട്ടാണ്. ഇത്തരത്തിലുള്ള ആന്തരികവളർച്ച കണ്ടുപിടിക്കൽ എളുപ്പമല്ല. പക്ഷേ ഈ ആഭിമുഖ്യം നഷ്ടപ്പെട്ടുപോകുന്നതാണ് അപകടകരം. ഈശോ നിരന്തരം എതിർത്തത് ആത്മാവില്ലാത്ത ആചാരങ്ങളെയും മതാത്മകതയുടെ ബാഹ്യമോടികളെയുമാണ്. മാനസികക്ലേശമനുഭവിക്കുന്ന വ്യക്തികളും ദൈവത്തെയും മനുഷ്യരെയും വെറുത്ത് പാപത്തിൽ ജീവിക്കുന്നവരും ദാരിദ്ര്യം ഭക്ഷിക്കുന്ന കുടുംബങ്ങളും മുറിഞ്ഞുപോകുന്ന വിവാഹബന്ധങ്ങളും ജോലിയില്ലാത്ത ചെറുപ്പക്കാരും നശിച്ചു കൊണ്ടിരിക്കുന്ന പ്രകൃതിയും വികസനം എത്താത്ത പ്രദേശങ്ങളും സഭ ഇനിയും ദൈവരാജ്യമായിട്ടില്ല എന്നാണ് പറയാതെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതുകൂടിപരിഗണിച്ചാലേ സഭയുടെ വളർച്ചയും തളർച്ചയുമൊക്കെ അളക്കാനാവൂ. എല്ലാ മനുഷ്യർക്കും പ്രകൃതിക്കും നന്മയും സുഖവും ഉണ്ടാകുവോളം സഭയെന്ന വിശ്വാസസമൂഹം അസ്വസ്ഥമായിരുന്നെങ്കിൽ! ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# വീക്ഷണവും കഥാന്ത്യവും

പ്രൊഫ. മാത്യു താഴത്തേൽ

രണ്ട് കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്. പി. സുരേന്ദ്രന്റെ 'മൈഥിലിയും'; ശശീന്ദ്രൻ വടകരയുടെ 'കറുപ്പൻ ബാബുവും' എന്നിവയാണ് ഈ മാസത്തെ കഥകൾ.

പി. സുരേന്ദ്രന്റെ മൈഥിലിയും ശശീന്ദ്രൻ വടകരയുടെ കറുപ്പൻ ബാബുവും ആത്മഹത്യയിൽ എത്തിച്ചേരുന്ന ജീവിതാവസ്ഥകളെയാണ് ചിത്രീകരിക്കുന്നത്.

പി. സുരേന്ദ്രൻ എഴുതിയ 'മൈഥിലി' എന്ന ചെറുകഥയും (മാതൃഭൂമി ആഴ്ചപ്പതിപ്പ് ഏപ്രിൽ 17) ശശീന്ദ്രൻ വടകര എഴുതിയ 'കറുപ്പൻ ബാബു' എന്ന കഥയും (മലയാളം വാരിക ഏപ്രിൽ 1) ആത്മഹത്യയിൽ എത്തിച്ചേരുന്ന ജീവിതാവസ്ഥകളാണ് ചിത്രീകരിക്കുന്നത്.

പാരമ്പര്യബന്ധം വിച്ഛേദിക്കപ്പെട്ടതിന്റെ ഒരുപാടു ദുരന്തങ്ങൾ ആധുനിക സമൂഹം അനുഭവിക്കുന്നുണ്ട്. പാരമ്പര്യം ഏറ്റവും വലിയ ഊർജ്ജസ്രോതസ്സാണ്. ജീവൻ അമൂല്യമാണെന്ന തിരിച്ചറിവുകൊണ്ടാണ് വലിയ പ്രതിസന്ധികളിൽ മനുഷ്യൻ പതറാതെ മുന്നോട്ടു പോയത്. ഇത്രയൊക്കെ സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്തെ ജനങ്ങൾ അതിജീവന ശക്തിയുള്ളവരായിരുന്നു. ദുഃഖങ്ങളും ദുരിതങ്ങളും താണ്ടി അവർ ജീവിതത്തെ സഹനത്തിലൂടെയും ആത്മശുദ്ധീകരണത്തിലൂടെയും മഹത്തരമാക്കി മാറ്റി. പുതിയ കാലത്തിൽ മനുഷ്യനു നഷ്ടപ്പെട്ട തിരിച്ചറിവുകളിലൊന്ന് ജീവന്റെ മൂല്യത്തെ സംബന്ധിച്ചുള്ളതാണ്. ചെറിയ പ്രയാസങ്ങൾ പോലും താങ്ങാനാവാതെ, അതിന്റെ പരിണാമം കാണാൻ നിൽക്കാതെ മനുഷ്യൻ ആത്മഹത്യയ്ക്കു ശ്രമിക്കുന്നതിന്റെ ദാരുണ കാഴ്ച വാർത്തകളിൽ നാം കാണുന്നു. ഞാൻ എന്റേതല്ല എന്ന 'നമ'സ്കാര ബോധം മനസ്സിലുണ്ടായാൽ ആർക്കും സ്വന്തം ജീവൻ നശിപ്പിക്കുവാനാകുകയില്ല. മതദർശനങ്ങൾക്ക് മനുഷ്യനിൽ ഇത്തരമൊരവബോധം ജനിപ്പിക്കുവാൻ കഴിയേണ്ടതുണ്ട്.

ഗോപിനാഥനും ഊർമ്മിളയും വിവാഹബന്ധം വേർപെടുത്തിയ ദിവസം കോടതി മുറ്റത്തുനിന്നും മകളായ മൈഥിലി അമ്മയോടു യാത്രപറഞ്ഞ് അച്ഛന്റെ കൂടെപ്പോയി. അച്ഛന്റെ ഏകാന്തതയിൽ അവൾ ഇടപെടുകയും ദുഃഖത്തിന്റെ കാഠിന്യം കുറയ്ക്കുവാൻ അവൾ ഓരോന്നു പറയുകയും ചെയ്തു. ഗോപിനാഥന് അവൾ ഇഷ്ടപ്പെട്ട ഭക്ഷണമുണ്ടാക്കിക്കൊടുത്തു. ഗോപിനാഥനോട് മറ്റൊരു കൂട്ടുകാരിയെ കണ്ടുപിടിക്കാൻ ഉപദേശിച്ചു. പരസ്പരം മനസ്സിലാക്കാതെ ജീവിതം നയിച്ചവരായിരുന്നു ഗോപിനാഥനും ഊർമ്മിളയും. അച്ഛനമ്മമാരുടെ ജീവിതത്തിലെ മരവിപ്പ് കണ്ടു തുടങ്ങിയ മകൾ മറ്റൊരു പുരുഷനുമായുള്ള അമ്മയുടെ അടുപ്പത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മൈഥിലിയുടെ ജീവിതത്തിലേയ്ക്ക് ഒരു ചെറുപ്പക്കാരൻ കടന്നുവന്നു. പ്രേമത്തിന്റെ

www.malankaralibrary.com




ആനന്ദാതിരേകത്തിൽ അവർ മതി മറന്നു. അയാൾക്കൊപ്പം അവൾ ഒരു യാത്രപോയി. ജീവിതത്തിന്റെ വിശുദ്ധി പങ്കുവയ്ക്കപ്പെട്ട് യാത്ര കഴിഞ്ഞ് വീട്ടിലെത്തിയതോടെ താൻ വിശ്വസിച്ച ചെറുപ്പക്കാരൻ തന്നെ വഞ്ചിക്കുകയായിരുന്നുവെന്ന് മൈഥിലി മനസ്സിലാക്കി. ഗോപിനാഥനോട് അവൾ എല്ലാം തുറന്നു പറഞ്ഞു. സ്വയം അശുദ്ധിതോന്നിയ അവൾ രണ്ടു മലകൾക്കിടയിലെ താഴ്‌വാരത്തിലേയ്ക്ക് സ്വയം മറഞ്ഞു.

ഭൂമി പിളർന്ന് അന്തർധാനം ചെയ്ത സീതയെ ഓർമ്മിപ്പിക്കുന്നുണ്ട് ഈ കഥയിലെ മൈഥിലി. വളരെ ഗുരുതരമായ പല പ്രശ്നങ്ങളും വെളിപ്പെടുത്തുന്ന സാമൂഹികമാനമുള്ള ഒരു ചെറുകഥയാണിത്. അണുകുടുംബങ്ങളിലെ ബന്ധങ്ങൾ, കുടുംബങ്ങളിലെ വിശ്വാസരാഹിത്യം, അമിതമായ സ്വാതന്ത്ര്യം, പരമ്പരാഗത മൂല്യബോധങ്ങളുടെ അഭാവം തുടങ്ങി നിരവധി ഘടകങ്ങൾ ഈ കഥ പുറത്തുകൊണ്ടുവരുന്നുണ്ട്. മാതാപിതാക്കൾ സ്വന്തം സുഖം മാത്രം നോക്കിപ്പോകുമ്പോൾ മക്കൾ സ്വയം ഗർത്തങ്ങളിലേക്ക് എറിയപ്പെടുന്നു. പല കുട്ടികളേയും ചതിക്കുഴികളിലേയ്ക്ക് ആകർഷിക്കുന്നത് കുടുംബശൈഥില്യങ്ങളാണെന്ന് മൈഥിലി വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

കറുപ്പൻ ബാബു നാട്ടിലെ അറിയപ്പെടുന്ന തെങ്ങു കയറ്റക്കാരനാണ്. 'കറുപ്പൻ' എന്നത് ബാബുവിന്റെ അച്ഛന്റെ പേരാണ്. നാട്ടിലെല്ലാവർക്കും പ്രിയങ്കരനാണ് ബാബു. ആളുകൾക്കൊക്കെ അയാൾ ഒരു വലിയ സഹായിയാണ്. കൂടുതൽ സമ്പന്നനാകാനുള്ള മാർഗ്ഗം ബാബുവിന്റെ ഭാര്യ ഉപദേശിച്ചു. ഭാര്യയുടെ അകന്ന ബന്ധത്തിലുള്ള ബ്ലേഡ് ബാങ്കുകാരനുമായി ബാബു ബന്ധം സ്ഥാപിച്ചു. ഉയർന്ന പലിശ നൽകാമെന്ന വ്യവസ്ഥയിൽ ബാബു നാട്ടിലെ വിശ്വസ്തരുടെ പണം കമ്പനിയിൽ നിക്ഷേപിച്ചു. ഒരുനാൾ ബ്ലേഡ് ബാങ്ക് മുതലാളി അപ്രത്യക്ഷനായി. ചാത്തുമാഷ് മകളുടെ വിവാഹത്തിനു കരുതിയിരുന്ന പണം ബാബുവിനെ വിശ്വസിച്ച് കൊടുത്തതാണ്. ബാബുവിന്റെ രണ്ടു സുഹൃത്തുക്കൾ ആ പണം കൊടുക്കാമെന്നേറ്റു. പക്ഷേ വിവാഹത്തലേന്ന് അവരെ കാത്തിരുന്ന് മടുത്തു. സന്ധ്യയിൽ മാഷ് തന്നെ തിരക്കി വരുന്നതുകണ്ട ബാബു ഉടൻ കുരുക്കിയ കയറിൽ തൂങ്ങി. സുഹൃത്തുക്കൾ പണം തന്നു എന്നു പറയാനായിരുന്നു മാഷ് എത്തിയത്. പക്ഷേ കുരുക്കിൽ നിന്ന് രക്ഷപെടാനാകാതെ ബാബു മരിച്ചു.

വളരെ ബാഹ്യമായി സംഭവങ്ങൾ വിവരിച്ചിരിക്കുന്നതും കലാപരമായി ശുഷ്ക്കവുമാണ് ഈ കഥ. ഒരു ജീവിതപ്രശ്നത്തിന്റെ പരിഹാരം എന്ന നിലയിൽ ആത്മഹത്യയാണ് ഈ കഥയിലും അവതരിപ്പിക്കുന്നത്.

പ്രാചീന ഭാരതീയസാഹിത്യം പുരുഷാർത്ഥങ്ങളിൽ അധിഷ്ഠിതവും ശുഭപര്യവസായികളുമായിരുന്നു. ജീവിത ദർശനമാണ് സാഹിത്യത്തെ നിർണ്ണയിക്കുന്നത്. ആധുനിക ലോകത്ത് ദർശനപരമായ പാപ്പരത്വമാണുള്ളത്. ജീവിതത്തെ ദാർശനികമായികൂടെ നോക്കിക്കാണാൻ മനുഷ്യനു കഴിയണം. ജീവിതത്തിന്റെ പ്രതിസന്ധികളിൽ ഗുണകരമായ ദശയെ സൃഷ്ടിക്കാനും കൂടി ഉതകുന്നതാകാം. കലാകാരന്റെ ഭാവന ശുഭദർശനത്തോടെ ജീവിതത്തെ ചിത്രീകരിക്കുവാനാണ് ശ്രമിക്കേണ്ടത് ■

www.malankaralibrary.com



# നിർമല ശിശുഭവൻ

ജാസ്മിൻ ജേക്കബ്

ആയിരക്കണക്കിനു കുട്ടികൾക്ക് ജീവിതവും സ്വപ്നങ്ങളും പകർന്നുകൊടുത്ത എറണാകുളത്തെ നിർമല ശിശുഭവന്റെ നന്മകളിലേക്ക്...

2004 ഡിസംബർ മാസത്തിലെ ഒരു അർദ്ധരാത്രി. ഗേറ്റിനരികെയുള്ള മണി അടിക്കുന്ന ശബ്ദം കേട്ട് ഞങ്ങൾ ഉണർന്നു. ജനലിലൂടെ ഗേറ്റിനു പുറത്തേയ്ക്കു നോക്കിയപ്പോൾ ആരെയും കണ്ടില്ല. തിരിച്ച് മുറിയിലേയ്ക്ക് നടക്കുന്നതിനിടെ വീണ്ടും മണി അടിയ്ക്കുന്ന ശബ്ദം കേട്ടു. തിരിച്ചു വന്നു നോക്കിയപ്പോൾ ഒരു ഓട്ടോറിക്ഷ പോകുന്നത് കണ്ടു. ചെന്നു നോക്കിയപ്പോൾ ഗേറ്റിനടുത്ത് ഒരു ബക്കറ്റിരിക്കുന്നു. അതിനുള്ളിൽ ഒരു ചോരക്കുഞ്ഞ്! പറയുന്നത് നിർമല ശിശുഭവനിലെ മദർ മാർട്ടീന. അനാഥ ശിശുക്കൾക്കും അവിവാഹിതരായ അമ്മമാർക്കും വേണ്ടിയുള്ള ഈ സ്ഥാനം 1974ൽ ആണ് ആരംഭിച്ചത്. മദർതെരേസയുടെ "മിഷനറീസ് ഓഫ് ചാരിറ്റി" സന്യാസിനി സമൂഹത്തിലെ പതിനൊന്ന് സഹോദരിമാരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. ഗർഭഛിദ്രത്തെ (abortion) ദത്തെടുക്കൽ (adoption) കൊണ്ട് നേരിടുകയാണ് ഈ സ്ഥാപനത്തിന്റെ മുദ്രാ വാക്യം.

എറണാകുളം എസ്. ആർ.എം റോഡിലുള്ള നിർമല ശിശുഭവനിലേയ്ക്ക് പോകുമ്പോൾ അനാഥരായ അഞ്ചോ, ആറോ കുട്ടികൾ അവിടെയുണ്ടാവും എന്നാണ് കരുതിയത്. എന്നാൽ അവിടെയെത്തിയപ്പോൾ എന്റെ കണക്കുകൂട്ടലുകൾ എല്ലാം കീഴ്മേൽ മറിഞ്ഞു.

സിസ്റ്റർ എന്നെ ഒരു ഹാളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ കണ്ട കുഞ്ഞുങ്ങളുടെ പ്രായവും എണ്ണവും എന്റെ കണ്ണുകൾ നനയിച്ചു. വെറും രണ്ടു ദിവസം മുതൽ ഏതാനും മാസങ്ങൾ വരെ മാത്രം പ്രായമുള്ള പിഞ്ചോമനകൾ തൊട്ടിലിൽ കിടക്കുന്നു. ചിലർ ഉറക്കത്തിനിടയിൽ ചിരിക്കുകയും കൈകാലുകൾ ചലിപ്പിക്കുകയും ചെയ്യുന്നു. അതിലൊരുത്തൻ കൈവിരൽ വായിൽ വച്ചു നുണഞ്ഞുകൊണ്ടിരുന്നു. അവന്റെ കൈപിടിച്ചു മാറ്റാൻ നോക്കുമ്പോൾ ആരോ പിറകിൽ നിന്നു എന്നെ പിടിച്ചു വലിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ ഒരു രണ്ടു വയസ്സുകാരൻ. രണ്ടു കൈയും നീട്ടി ചിരിച്ചുകൊണ്ട് നിൽക്കുന്നു, എന്നെ എടുത്തോ എന്ന മട്ടിൽ. അവനെ എടുത്തുകൊണ്ട് മദറിന്റെ അടുത്തേക്ക് ചെന്നപ്പോൾ മദറിന്റെ മുന്നിൽ കുഞ്ഞുങ്ങളുടെ മത്സരമാണ്, ഒന്നു എടുക്കുവാൻ! ഓരോരുത്തരെയും ഓമനിക്കുന്നതിനിടെ മദർ പറഞ്ഞു 'അവന്റെ പേര് അക്കുവെന്നാണ്'.

അതിനിടെ തൊട്ടിലിൽ കിടന്ന് ഒരു കുഞ്ഞ് കരഞ്ഞു. പെട്ടെന്ന് അക്കു എന്റെ കൈകളിൽ നിന്നും പിടിവിട്ടിറങ്ങി തൊട്ടിലിനടുത്ത് ചെന്ന് തൊട്ടിലാട്ടാൻ തുടങ്ങി, ഉത്തരവാദിത്വമുള്ള ചേട്ടനെപ്പോലെ.

അപ്പോൾ മഠത്തിന്റെ മുറ്റത്ത് ഒരു കാർ വന്നു നിന്നു. കാറിൽ നിന്നും ഒരു ആറുവയസ്സുകാരി മദറിന്റെ മുറിയിലേയ്ക്ക് ഓടി വന്നു കൈയ്യിൽ ചോക്ലേറ്റുമായി . കൂടെ അവളുടെ മാതാപിതാക്കളും. ഇവളാണ് പ്രിയ. അവളുടെ ജന്മദിനത്തിൽ സിസ്റ്റേഴ്സിന് മിഠായിയുമായി വന്നതാണവൾ.

www.malankaralibrary.com



ഫോൺകോൾ വന്നു. ഒരു പെൺകുട്ടിയാണ്. "സിസ്റ്റർ ഈ ഹോസ്പിറ്റൽ വരെ എത്രയും പെട്ടെന്ന് വരണം". കാര്യകാരണങ്ങൾ അന്വേഷിക്കുന്നതിന് മുമ്പ് ഫോൺ കട്ടായി. വീണ്ടും വീണ്ടും നാലഞ്ചു തവണ അതേ കോൾ വന്നപ്പോൾ ഞാൻ ഹോസ്പിറ്റലിൽ ചെന്നു. അവരറിയിച്ച പ്രകാരമുള്ള മുറിയിൽ ചെന്നപ്പോൾ ഒരു പെൺകുട്ടി കരഞ്ഞുകൊണ്ടിരിക്കുകയാണ്.

വിവാഹത്തിനുശേഷം രണ്ടു വർഷം കഴിഞ്ഞ് മതി ഒരു കുഞ്ഞ് എന്ന തീരുമാനത്തിലായിരുന്നു അവർ. പക്ഷേ മൂന്നു മാസം കഴിഞ്ഞപ്പോൾ അവൾ ഗർഭിണിയായി. സ്കാനിംഗ് റിപ്പോർട്ടിൽ കുട്ടിയ്ക്ക് അംഗ വൈകല്യമുണ്ടാവാനുള്ള സാധ്യത കൂടുതലാണെന്ന റിസൾട്ട് വന്നു. അന്നുതന്നെ ഗർഭഛിദ്രത്തിനായി ഡോക്ടറെ നിർബന്ധിച്ചെങ്കിലും അദ്ദേഹമത് വിസമ്മതിച്ചു. ഏഴാം മാസം അവൾ പ്രസവിച്ചു. കുഞ്ഞ് ആരോഗ്യവാനാണെന്നറിഞ്ഞിട്ടും അവനെ സ്വീകരിക്കാൻ അവളോ ഭർത്താവോ സന്നദ്ധരല്ലായിരുന്നു. കുഞ്ഞിനെ ശിശു ഭവനിൽ ഏല്പിക്കാനാണ് മദറിനെ അവൾ വിളിച്ചു വരുത്തിയത്. അവസാനം ലീഗൽ അഡോപ്ഷനിലൂടെ സിസ്റ്റർ അവനെ നിർമ്മല ശിശുഭവനിലേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു.

നിരാലംബരായ 1700 പിഞ്ചോമനകൾക്കും 822 അവിവാഹിതരായ അമ്മമാർക്കും ഈ സ്ഥാപനം താങ്ങും തണലുമായിട്ടുണ്ട്. ഇതിനോടകം 1625 കുഞ്ഞുങ്ങൾക്ക് അഡോപ്ഷൻ വഴി നല്ല കുടുംബങ്ങളിൽ വളരുന്നതിനും ഈ സ്ഥാപനം വഴിയൊരുക്കിയിട്ടുണ്ട്.

"സ്ഥാപനത്തിന്റെ നടത്തിപ്പിനായി സഹായങ്ങൾ നൽകാൻ സർക്കാർ തയ്യാറാണ്. പക്ഷേ ഞങ്ങൾ അതു സ്വീകരിക്കുന്നില്ല. ഞങ്ങളുടെ സഭാ സ്ഥാപകയായ മദർതെരേസയുടെ ആഹ്വാനം അനുസരിച്ചാണിത്. മറ്റുള്ളവർ ദാനമായി നൽകുന്നവകൊണ്ട് ഞങ്ങൾ ഓരോ ദിവസവും സന്തോഷത്തോടെ ജീവിക്കുന്നു" മദർ പറഞ്ഞു നിറുത്തി. കുട്ടികളുടെ ഹോൾ വിട്ട് പുറത്തേക്കിറങ്ങുമ്പോൾ വീണ്ടും ആരോ ഡ്രസിൽ പിടിച്ച് വലിക്കുന്നു. തിരിഞ്ഞു നോക്കിയപ്പോൾ വീണ്ടും കൈ പൊക്കി നിൽക്കുകയാണ് അക്കു. ■

"പന്ത്രണ്ടു വർഷം മുമ്പായിരുന്നു ഞങ്ങളുടെ വിവാഹം. വിവാഹം കഴിഞ്ഞ് ഉടനെ ഒരു കുഞ്ഞ് വേണ്ടെന്നായിരുന്നു ഞങ്ങളുടെ തീരുമാനം. വർഷങ്ങൾ ഓരോന്നായി കഴിഞ്ഞുപോയിട്ടും ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയാതെയായപ്പോൾ ചികിത്സയും പ്രാർത്ഥനുമായി." മീന പറഞ്ഞു തുടങ്ങി.

അവസാനമാണ് ഞങ്ങൾ ദത്തെടുക്കുന്നതിനേക്കുറിച്ച് ആലോചിച്ചത്. മോളെയും കൂട്ടിക്കൊണ്ട് ഞങ്ങളെവിടെയെങ്കിലും പോയാൽ അപ്പച്ചൻ പറയും 'വീടുറങ്ങിപ്പോയെന്ന്' പ്രിയ ഇപ്പോൾ ഞങ്ങളുടെ തന്നെ സ്കൂളിൽ ഒന്നാം ക്ലാസിൽ പഠിക്കുന്നു. പഠനത്തിൽ ഒന്നാം സ്ഥാനക്കാരിയാണ്.

ഭിത്തിയിലേക്കു നോക്കിയപ്പോൾ മുറിയുടെ ചുമരിൽ നിറയെ ഫോട്ടോകൾ. അവിടെ നിന്നും ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കൾക്ക് ഒപ്പം "ഇതുപോലെ ഇവിടെ വളർന്ന കുഞ്ഞുങ്ങൾ രാജകുമാരന്മാരായും, രാജകുമാരികളായും വളരുന്നത് കാണുന്നതാണ് ഞങ്ങളുടെ സന്തോഷം". മദർ അവരെ യാത്രയാക്കാൻ പോയി.

അഞ്ചു മാസങ്ങൾക്കു മുമ്പ്. ഒരു വൈകുന്നേരം. എറണാകുളത്തെ ഒരു ഹോസ്പിറ്റലിൽ നിന്ന് ഒരു

www.malankaralibrary.com



# കുമ്പസാര രഹസ്യം വെളിപ്പെടുത്താമോ?

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● പാപങ്ങൾ ഏറ്റു പറഞ്ഞ് കുമ്പസാരിച്ച ഒരാൾക്ക് കുമ്പസാരത്തിൽ വൈദികനോട് ഏറ്റുപറഞ്ഞ പാപങ്ങൾ മറ്റുള്ളവരോട് വെളിപ്പെടുത്തുന്നതിന് കുമ്പസാരിപ്പിച്ച വൈദികനെ അനുവദിക്കാമോ? ഈ അനുവാദത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത വൈദികന് കുമ്പസാരത്തിൽ കേട്ട കാര്യങ്ങൾ വെളിപ്പെടുത്താമോ?**

റോയ് തോമസ്, വയനാട്

## കുമ്പസാരം ഒരു കൂദാശ

മാമ്മോദീസ സ്വീകരിച്ച ശേഷം ചെയ്ത പാപങ്ങൾക്ക് പാപപൊറുതി യാചിച്ചുകൊണ്ട് ഒരാൾ, പുരോഹിതന്റെ ശുശ്രൂഷയിലൂടെ ദൈവത്തോടും തിരുസഭയോടും അനുരഞ്ജനപ്പെടുന്ന കൂദാശയാണല്ലോ കുമ്പസാരം. പരിശുദ്ധാത്മാവിനാൽ ആന്തരികമായി നയിക്കപ്പെട്ടാണ് ഒരാൾ പാപസങ്കീർത്തനത്തിന് അണയുന്നത്. ചെയ്തുപോയ പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും ഈ പാപങ്ങളുടെ വ്യക്തിപരമായ ഏറ്റുപറച്ചിലും പാപങ്ങളിൽനിന്നു പിന്തിരിയുവാനുള്ള തീരുമാനവും കുമ്പസാരത്തിന്റെ അവശ്യഘടകങ്ങളാണ്.

## പുരോഹിതൻ മാത്രം കാർമ്മികൻ

കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികൻ പുരോഹിതൻ മാത്രമാണ്. പാപമോചനത്തിനുള്ള അധികാരം സഭ അവർക്ക് മാത്രമാണ് നൽകിയിരിക്കുന്നത്. കുമ്പസാരരഹസ്യം അലംഘനീയമായി സംരക്ഷിക്കണമെന്നാണ് സഭ എക്കാലവും പഠിപ്പിച്ചുപോരുന്നത്. കുമ്പസാരത്തിന്റെ അവസരത്തിൽ ദ്വിഭാഷി (Interpreter) സന്നിഹിതനാണെങ്കിൽ അയാളും, ഏതെങ്കിലും വിധത്തിൽ കുമ്പസാരത്തിലെ പാപങ്ങളെപ്പറ്റി അറിയാനിടവരുന്ന എല്ലാവരും കുമ്പസാര രഹസ്യം പാലിക്കുവാൻ ഗൗരവമായ രീതിയിൽ കടപ്പെട്ടവരാണെന്നാണ് സഭ പഠിപ്പിക്കുന്നത്. തന്മൂലം കുമ്പസാരത്തിൽ നിന്ന് ലഭിച്ച അറിവ് യാതൊരുകാരണവശാലും ബാഹ്യമായ ഭരണാവശ്യങ്ങൾക്കോ മറ്റ് എതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ പാടുള്ളതല്ല.

www.malankaralibrary.com



## വെളിപ്പെടുത്തൽ- ഒരു വഞ്ചന

തന്റെയടുക്കൽ കുമ്പസാരിച്ചപ്പോൾ ഒരു വ്യക്തി ഏറ്റുപറഞ്ഞ പാപങ്ങൾ സംസാരം വഴിയോ മറ്റ് ഏതെങ്കിലും വിധത്തിലോ മറ്റുള്ളവരോട് കുമ്പസാരക്കാരൻ വെളിപ്പെടുത്തുന്നത് കുമ്പസാരിക്കുന്നയാളെ വഞ്ചിക്കുന്നതിന് തുല്യമായ പ്രവർത്തിയായിരിക്കും. തന്മൂലം, ഇത് ഗൗരവമേറിയ കുറ്റകൃത്യമായി കണക്കാക്കപ്പെടുന്നു.

## സഭാനിയമങ്ങൾ

സഭാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച്, കുമ്പസാരരഹസ്യം അലംഘനീയമാണ്. തന്മൂലം, വാക്കാലോ അടയാളത്താലോ മറ്റ് ഏതെങ്കിലും വിധത്തിലോ എന്ത് കാര്യത്തിനായാലും അനുതാപിയെ (Penitent) വെളിപ്പെടുത്തുന്നതിൽ നിന്ന് കുമ്പസാരക്കാരൻ ശ്രദ്ധാപൂർവ്വം ഒഴിഞ്ഞു നിൽക്കേണ്ടതാണ് (CCEO. C. 733; CIC. C. 983/1).

കൂടാതെ കുമ്പസാരത്തിൽ വെളിവാക്കപ്പെടുന്ന എല്ലാക്കാര്യങ്ങളേയും സംബന്ധിച്ചിടത്തോളം വൈദികൻ- ഇക്കാര്യം വെളിപ്പെടുത്തണമെന്ന് അനുതാപി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ പോലും- സഭാ കോടതികളിൽ സാക്ഷ്യം നൽകാൻ പാടില്ലാത്തതാണ് (CCEO. C. 1231/2,1; CIC.C.1550/1,2).

## വിശുദ്ധരുടെ നാമകരണ നടപടികൾ

വിശുദ്ധരുടെ നാമകരണ നടപടികളുടെ ഭാഗമായി, കുമ്പസാരം വഴി വൈദികർ അറിയുവാൻ ഇടയാകുന്ന കാര്യങ്ങൾ നാമകരണ നടപടിക്രമങ്ങൾക്കായി സ്ഥാപിക്കപ്പെടുന്ന സഭാ കോടതികളിൽ തെളിവുകളായി കൊടുക്കാനോ, കോടതിക്ക് തെളിവായി സ്വീകരിക്കുവാനോ പാടില്ലെന്ന് വിശുദ്ധരുടെ നാമകരണ നടപടികൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം 1983 ഫെബ്രുവരി 7-ാം തീയതി നൽകിയ പ്രത്യേക നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (Congregation for the causes of saints, norms to be observed in inquiries made by bishops in the causes of saints, "Cum in Constitutione" Feb.7, 1983, AAS 75 (1983) 396- 403).

## വി. തോമസ് അക്വീനാസ്സിന്റെ വീക്ഷണം

സമഗ്രവും സമൂലവുമായ ദൈവശാസ്ത്ര വിചിന്തനത്തിലൂടെ സഭയുടെ ദൈവശാസ്ത്രപരമായ അടിത്തറ ഭദ്രമാക്കിയയാളാണ് വി. തോമസ് അക്വീനാസ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, കുമ്പസാര രഹസ്യം അലംഘനീയമായി പാലിക്കണമെന്ന് പറയുന്നതിന് രണ്ട് കാരണങ്ങളുണ്ട്: ഒന്നാമത്, കുമ്പസാരത്തിന്റെ രഹസ്യാത്മകത കുമ്പസാരമെന്ന കൂദാശയെ സംബന്ധിച്ചിടത്തോളം പരമ പ്രധാന്യമർഹിക്കുന്നു. കുമ്പസാരത്തിൽ വൈദികന്റെ സ്ഥാനം ദൈവത്തിന്റെ സ്ഥാനത്തിന് തുല്യമാണെന്ന് തന്നെ പറയാവുന്നതാണ്. ദൈവം ഒരു വ്യക്തിയുടെ പാപങ്ങൾ അറിയുന്നതുപോലെ കുമ്പസാരത്തിലൂടെ വൈദികനും കുമ്പസാരിക്കുന്ന വ്യക്തിയുടെ പാപങ്ങൾ അറിയാനിടവരുന്നു. രണ്ടാമത്തെ കാരണം, സമൂഹത്തിൽ ഉതപ്പ്

www.malankaralibrary.com

ഒഴിവാക്കാനും കുമ്പസാര രഹസ്യം അലംഘനീയമായി സൂക്ഷിക്കേണ്ടതുണ്ട്.

## കുമ്പസാര രഹസ്യം വെളിപ്പെടുത്തുവാൻ ആവശ്യപ്പെട്ടാൽ

കുമ്പസാരിക്കുന്ന വ്യക്തിതന്നെ തന്റെ പാപങ്ങൾ വെളിപ്പെടുത്തുവാൻ കുമ്പസാരക്കാരനോട് ആവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യാമോ എന്നതാണ് ചോദ്യകർത്താവ് ഉന്നയിക്കുന്ന പ്രശ്നം. ഈ സാഹചര്യത്തിൽ കുമ്പസാരിപ്പിച്ച വൈദികൻ കുമ്പസാരിച്ച വ്യക്തിയുടെ പാപങ്ങൾ വെളിപ്പെടുത്തിയാൽ കുമ്പസാര രഹസ്യത്തിന്റെ ലംഘനമാണെന്ന് പറയുവാൻ സാധിക്കുകയില്ല. എന്നാൽ, ഇപ്രകാരം കുമ്പസാരം വഴി ലഭിച്ച അറിവ് വെളിപ്പെടുത്തുന്നതു വഴി സമൂഹത്തിൽ വലിയ ഉതപ്പ് ഉണ്ടാകുമെന്ന യാഥാർത്ഥ്യം വിസ്മരിക്കുവാൻ പാടില്ല.

കുമ്പസാരിച്ച വ്യക്തി താൻ കുമ്പസാരത്തിൽ പറഞ്ഞ കാര്യങ്ങൾ വെളിപ്പെടുത്തുവാൻ കുമ്പസാരക്കാരനെ അനുവദിച്ചാൽ കുമ്പസാരത്തിൽ പറഞ്ഞ കാര്യങ്ങൾക്ക് രഹസ്യാത്മകത ഉണ്ടെന്ന് താത്വികമായി പറയുവാനാവില്ല. ഇതുവഴി സമൂഹത്തിൽ ഉതപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തിയാൽ മതിയാകും. മാത്രവുമല്ല, ഇപ്രകാരം ചെയ്യുന്നതുവഴി കുമ്പസാരമെന്ന കൂദാശയെ ഇതു ഹാനികരമായി ബാധിക്കുന്നുണ്ടെന്നും പറയാനാവില്ല. വി. തോമസ് അക്വീനാസും ഇതേ അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. പക്ഷെ, സമൂഹത്തിൽ ഇതുവഴി യാതൊരു ഉതപ്പും ഉണ്ടാകാതെ നോക്കണമെന്ന് അദ്ദേഹവും നിഷ്കർഷിക്കുന്നുണ്ട്. അല്ലാത്തപക്ഷം അലംഘനീയമായ കുമ്പസാരരഹസ്യം വൈദികൻ വെളിപ്പെടുത്തിയെന്ന് സമൂഹത്തിൽ പ്രചരിക്കാനിടയുണ്ട്.

ഇത്തരമൊരു തെറ്റായ ചിന്ത സമൂഹത്തിൽ ഉണ്ടാകാതിരിക്കുവാൻ കുമ്പസാരിച്ചയാൾ തന്റെ പാപങ്ങൾ വെളിപ്പെടുത്തുവാൻ കുമ്പസാരക്കാരനോട് പരസ്യമായി ആവശ്യപ്പെട്ടാൽ മതിയോ എന്ന് ചിലർ ചോദിച്ചേക്കാം. ഈ സംശയത്തിന് ഉത്തരം നൽകുന്നതിന് മുൻപ് മറ്റൊരു സാഹചര്യം കൂടി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. പാപമോചനം ലഭിക്കുക എന്ന ലക്ഷ്യത്തോടെയല്ല ഒരു വ്യക്തി കുമ്പസാരിക്കുന്നതെങ്കിൽ ആ വ്യക്തി കുമ്പസാരത്തിൽ പറയുന്ന പാപങ്ങൾ അലംഘനീയമായി സൂക്ഷിക്കുവാൻ കുമ്പസാരിപ്പിക്കുന്ന വൈദികന് കടമയില്ല എന്നാണ് ചിലരുടെ വാദം (eg: F. Capello, De Saeramentis, vot. 2, De Penitentia, 4 th ed. Rome 1944, p. 605).

> **കുമ്പസാരത്തിൽ വൈദികന്റെ സ്ഥാനം ദൈവത്തിന്റെ സ്ഥാനത്തിന് തുല്യമാണെന്ന് തന്നെ പറയാവുന്നതാണ്.**

## യാതൊരു കാരണവശാലും ഉതപ്പിന് കാരണമായിക്കൂടാ

കുമ്പസാരിച്ച വ്യക്തിക്ക് സത്യസന്ധമായ കുമ്പസാരം നടത്താനും അതുവഴി കൂദാശ സ്വീകരിക്കുവാനും ആഗ്രഹമില്ലായിരുന്നുവെന്ന് കുമ്പസാരക്കാരന് കൃത്യമായി അറിയാമായിരുന്നുവെങ്കിൽ കൂടി, കുമ്പസാരത്തിൽ പറഞ്ഞ പാപങ്ങളുടെ വെളിപ്പെടുത്തൽ സമൂഹത്തിൽ ഉതപ്പിന് കാരണമാകുമെന്നതിൽ സംശയമില്ല. എന്നാൽ, കുമ്പസാരിച്ചയാളുടെ വ്യക്തമായ അനുവാദത്തോടെ കുമ്പസാരത്തിലൂടെ ലഭിച്ച അറിവുകൾ കുമ്പസാരക്കാരൻ വെളിപ്പെടുത്തിയാലും അലംഘനീയമായ കുമ്പസാരരഹസ്യം ലംഘിക്കപ്പെടുമെന്നുതന്നെ സമൂഹം വിശ്വസിക്കാനിടയുണ്ട്. തന്മൂലം, കുമ്പസാരിച്ചയാളുടെ വ്യക്തമായ അനുവാദത്തിന്റെ പേരിലായാലും കുമ്പസാരത്തിൽ പറഞ്ഞവയുടെ വെളിപ്പെടുത്തലുകൾ തികച്ചും അവിവേകമായിരിക്കുമെന്നതിൽ സംശയമില്ല. ■




**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com



# വഴിതെറ്റിയോ നമുക്ക്?





പ്രസാധകർ:
മീഡിയ ഹൗസ് ഡൽഹി
പേജ് 160
വില ` 100

## തിരുവയസ്സ്

ഡോ. ആന്റണി കരിയിൽ സി.എം.ഐ.

കുടുംബദീപം, വിജ്ഞാനകൈരളി, താലന്ത് തുടങ്ങിയ മാസികകളിൽ ഞാനെഴുതിയിട്ടുള്ള ലേഖനങ്ങൾ, പല അവസരങ്ങളിൽ ഞാൻ പങ്കുവച്ചിട്ടുള്ള ചിന്തകൾ– ഇവയെല്ലാം ക്രോഡീകരിച്ചുള്ള ഇരുപത് ലേഖനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. സംവേദനം, സ്നേഹം, ദർശനം, മതം, അർത്ഥം, അദ്ധ്വാനം, അധികാരം, പൗരോഹിത്യം, സന്യാസം എന്നീ ഭാഗങ്ങളിലായി ക്രോഡീകരിച്ചിട്ടുള്ള 20 ലേഖനങ്ങളാണ് ഇതിലുണ്ട്.

പ്രവർത്തനനിരതമായ ജീവിതത്തിലൂടെ സേവനത്തിന്റെ വ്യത്യസ്ത മേഖലകൾ തുറന്നുകാട്ടിയ ഡോ. ആന്റണി കരിയിൽ സി. എം. ഐ. ആശയങ്ങൾ കൊണ്ട് ജീവിതം നവീകരിക്കാനാവുമെന്നു വിശ്വസിക്കുന്നു. ആശയങ്ങൾ വാക്കുകളായി ഹൃദയങ്ങളിൽ നിന്നു ഹൃദയങ്ങളിലേയ്ക്ക് ചേക്കേറുന്നു. പരിവർത്തനത്തിന്റെ തരംഗങ്ങളിലൂടെ പുതിയ ഒരു ദർശനത്തിന് അവിടെ രൂപം നല്കുന്നു.




പ്രസാധകർ:
മീഡിയ ഹൗസ് ഡൽഹി
പേജ് 119
വില ` 85

## വിദ്യാഭ്യാസം ചരിത്രവും ദർശനവും


ഡോ. കുര്യാസ് കുമ്പളക്കുഴി

മുപ്പത്തഞ്ചു വർഷം ദൈർഘ്യമുള്ള അധ്യാപന ജീവിതത്തിൽ നിന്ന് ഊറിക്കൂടിയ അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയയെ അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്യാനുള്ള ശ്രമമാണ് ഈ പഠനം.

ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസരംഗം വല്ലാതെ കലുഷിതമാണ്. അതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാനും ഇതിൽ ശ്രമിക്കുന്നുണ്ട്. അതിനുള്ള പരിഹാരവും നിർദ്ദേശിക്കുന്നുണ്ട്.


വിദ്യാഭ്യാസം മനുഷ്യനന്മയ്ക്കും രാഷ്ട്രപുരോഗതിക്കും, വിദ്യാഭ്യാസവും സംസ്ക്കാരവും മാറുന്ന സമൂഹത്തിൽ, ഉന്നതവിദ്യാഭ്യാസവും സ്വയംഭരണ കോളേജുകളും, വിദ്യാഭ്യാസം ഒളിച്ചു വയ്ക്കുന്ന അജണ്ടകൾ, പുതിയ വിദ്യാഭ്യാസ നിയമം എന്നിവയാണ് ലേഖനങ്ങൾ.

www.malankaralibrary.com




പ്രസാധകർ:
സി.എസ്.എസ്. ബുക്സ്
പേജ് 155
വില ` 90

Publishing:
Media House Delhi
Page: 286
Price: `240




## വഴിതെറ്റിയോ നമുക്ക്?

എം. തോമസ് മാത്യു

ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ദിശാബോധം നഷ്ടപ്പെട്ട ഈ പാച്ചിൽ കാണാം-രാഷ്ട്രീയത്തിൽ, മതത്തിൽ, വിദ്യാഭ്യാസത്തിൽ .... എല്ലായിടത്തും.

എത്ര വഴിതെറ്റിയാലും, ഏതു ചെളിക്കുണ്ടിൽ പോയി പുതഞ്ഞുപോയാലും, മനുഷ്യന് രക്ഷപെടാൻ ഒരു വഴിയുണ്ട് എന്ന ശുഭചിന്തയാണ് ഈ കുറിപ്പുകൾക്ക് ആധാരം. മനുഷ്യസത്ത ദൈവികമാണ് എന്നാണ് മനുഷ്യൻ ദൈവസദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു എന്ന പ്രഖ്യാപനത്തിന്റെ ഒരർത്ഥം. ആസദൃശ്യത്തെ സ്വാർത്ഥങ്ങളും തൃഷ്ണകളും പൊതിഞ്ഞ് മറച്ചുകളഞ്ഞെന്നു വരാം. എന്നാലും അത് അവിടെയുണ്ട്. എല്ലാ പുറംപോളകളേയും വകഞ്ഞകറ്റി അത് ഒരിക്കൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. അങ്ങനെ സംഭവിക്കാൻ കൃപചൊരിഞ്ഞ്, ആശിസ്സുകൾ വർഷിച്ച്, കാത്തിരിക്കുന്ന ഒരു സ്നേഹരൂപന്റെ ചിത്രം വരഞ്ഞുവയ്ക്കുന്നില്ലേ ബൈബിൾ. വൈ. എം. സി. എ. കേരളയുവതയുടെ മുഖലേഖനമായി എഴുതിയ കുറിപ്പുകളിൽ ചിലതാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്.

## Syro- Malabar Patriarchate

Mar Paul Chittilappilly

The book is the result of a research work done by the author in the Canon law. Faculty of the Lateran University, Rome.

The main contention of the author in the present book is that the Syro Malabar Church needs to be elevated to a Patriarchate and its head to a Patriarch.

The in depth study on the apostolic origin, existence for many centuries with autonomous character, the teachings of the Second Vatican Council for the restoration of the ecclesiastical traditions of the Eastern Churches even with the formation of new patriarchal Sees, the legal possibilities for the erection of new patriarchates as per CCEO show that the Syro Malabar Church deserves to be elevated to patriarchal dignity.

"Caring the faithful according to the ecclesiastical right will facilitate the Church to show the real face of her."

www.malankaralibrary.com



# അമേരിക്ക തരുന്ന പാഠം

മനുഷ്യപുത്രൻ

2011 ലെ ഏറ്റവും വലിയ ചരിത്ര സംഭവം ഏതായിരിക്കും? സംശയം വേണ്ട. ഒസാമ ബിൻലാദന്റെ കൊലപാതകം. കാരണം ബിൻലാദന്റെ മരണം ലോകത്തെ അറിയിച്ചത് മറ്റാരുമല്ല, ഈ ലോകത്തിലെ ഏറ്റവും ശക്തനായ പൗരൻ– ബാറാക് ഒബാമയെന്ന അമേരിക്കൻ പ്രസിഡന്റായിരുന്നു. അദ്ദേഹം തുടങ്ങി: "അമേരിക്കൻ ജനതയോടും ലോകത്തോടും ഈ രാത്രി എനിക്ക് പറയാനാവും, ഒസാമ ബിൻലാദനെന്ന ഭീകരനെ അമേരിക്ക വധിച്ചിരിക്കുന്നു. എന്റെ നിർദ്ദേശ പ്രകാരം ഇന്നു നടന്ന സൈനിക നീക്കത്തിലൂടെയാണ് ആയിരക്കണക്കിന് നിഷ്ക്കളങ്കരെ കൊന്ന ബിൻലാദൻ കൊല്ലപ്പെട്ടത്".

നമുക്ക് അൽപം പിന്നോട്ട് പോകാം. 2008 ഒക്ടോബർ 7. അന്നായിരുന്നു അമേരിക്കൻ തിരഞ്ഞെടുപ്പിനു മുമ്പുള്ള രണ്ടാമത്തെ ഡിബേറ്റ്. വിഷയം വിദേശ നയമായിരുന്നു. പ്രസിഡന്റ് സ്ഥാനാർത്ഥിയായ ബാറാക് ഹുസൈൻ ഒബാമ സംശയത്തിനിട നൽകാത്ത വിധം പ്രഖ്യാപിച്ചു: "ബിൻ ലാദനെ നമ്മൾ കൊല്ലും. അൽഖയ്ദായെ നമ്മൾ തകർക്കും. നമ്മുടെ ദേശീയ സുരക്ഷയുടെ ഏറ്റവും വലിയ ഭീഷണി അവരാണ്".

രണ്ടര വർഷങ്ങൾക്ക് അപ്പുറത്ത് തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ആവേശത്തിൽ നൽകിയ ഒരു തീപ്പൊരി വാഗ്ദാനമാണ് ഒബാമ ഇന്ന് പാലിച്ചിരിക്കുന്നത്. ഇതാണ് സായിപ്പിന്റെ രീതി. ജനങ്ങളോട് വാഗ്ദാനം പറഞ്ഞാൽ അവരത് പാലിച്ചിരിക്കും. അല്ലെങ്കിൽ പരാജയം ഏറ്റു പറഞ്ഞ് അവർ ക്ഷമ ചോദിച്ചിരിക്കും.

2001 സെപ്തംബർ 11ന് ആയിരുന്നു ലോകത്തെ നടുക്കുകയും വിസ്മയിപ്പിക്കുകയും ചെയ്ത വേൾഡ് ട്രേഡ് സെന്റർ ആക്രമണം. 2974 നിഷ്കളങ്കരും 19 ഭീകരരുമാണ് അന്ന് എരിഞ്ഞടങ്ങിയത്. തൊട്ടുപുറകെ 2001 സെപ്തംബർ 16ന് ബിൻലാദൻ ആക്രമണത്തിന്റെ ഉത്തരവാദിത്വം പാടേ നിഷേധിച്ചു. പിന്നീട് അയാൾ ആ നിഷേധം തുടർന്നു കൊണ്ടിരുന്നു.

മൂന്ന് വർഷങ്ങൾക്കുശേഷം 2004ലാണ് ബിൻലാദൻ ന്യൂയോർക്ക് ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. ആക്രമണത്തിൽ പങ്കെടുത്ത 19 രക്തസാക്ഷികളെയും നേരിട്ട് വ്യക്തിപരമായി നിയന്ത്രിച്ചത് താനാണെന്ന് അയാൾ വെളിപ്പെടുത്തി.


ബിൽ ക്ലിന്റന്റെ കാലം മുതലേ ലാദൻ അമേരിക്കയുടെ കണ്ണിലെ കരടായിരുന്നു. അന്നേ അവർ അയാളെ നോട്ടമിട്ടതാണ്. വിഖ്യാതമായ വേൾഡ് ട്രേഡ് സെന്റർ തകർക്കപ്പെടുമ്പോൾ ജൂനിയർ ജോർജ് ബുഷായിരുന്നു പ്രസിഡന്റ്. അന്ന് തന്നെ ലാദന്റെ തലക്ക് അവർ 25 മില്യൻ ഡോളർ ഇനാം പ്രഖ്യാപിച്ചു. 2007ൽ അത് ഇരട്ടിപ്പിച്ച് 50 മില്യൺ ഡോളറാക്കി ഉയർത്തി. അമേരിക്കയുടെ അഫ്ഗാൻ യുദ്ധലക്ഷ്യത്തിന്റെ കുന്തമുന തന്നെ ലാദനായിരുന്നു. അൽഖയിദയെ തകർക്കണമെങ്കിൽ ബിൻലാദനെ തകർത്തേ മതിയാകൂ എന്ന് അമേരിക്കൻ കമാൻഡർ 2009ൽ പ്രഖ്യാപിച്ചു. ഈ ഒറ്റക്കാര്യത്തിനായി 30000 അധിക പട്ടാളത്തെ അഫ്ഗാനിസ്ഥാനിൽ വിന്യസിപ്പിക്കാനും അമേരിക്ക തയ്യാറായി.

അതിന്റെയെല്ലാം പരിസമാപ്തിയിലാണ് 2011 മെയ് 2 യാഥാർത്ഥ്യമായത്. പത്തു വർഷത്തിലധികം നീണ്ട ലക്ഷ്യബോധത്തോടെയുള്ള അമേരിക്കയുടെ കഠിനാധ്വാനമാണ് ഫലം ചൂടിയത്. ഈ കാലഘട്ടത്തിൽ പല പ്രസിഡന്റുമാർ വന്നുപോയി. ഡമോക്രാറ്റുകളും റിപ്പബ്ലിക്കൻകാരും മാറി മാറി ഭരിച്ചു. ഭരണകക്ഷി പ്രതിപക്ഷവും, പ്രതിപക്ഷം ഭരണകക്ഷിയുമായി. എന്നിട്ടും അമേരിക്ക ലക്ഷ്യം കണ്ടു. എന്താണിതിനു കാരണം? പുരോഗതിയുടെയും രാജ്യസുരക്ഷയുടെയും കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ അവർ ഒരേ മനസ്സോടെ മുന്നേറി എന്നർത്ഥം. അമേരിക്ക ലോകരാജ്യങ്ങളുടെ മുമ്പന്തിയിൽ നിൽക്കുന്നതിന്റെ രഹസ്യവും ഇപ്പോൾ വ്യക്തമായില്ലേ? എന്നാൽ ഭാരതത്തിന്റെയും കേരളത്തിന്റെയും അവസ്ഥയോ? ■

www.malankaralibrary.com


# വായിക്കാനും സമ്മാനിക്കാനും

## കാരുണികൻ (വചനബോധിയോടൊപ്പം)




**ഞായറാഴ്ചകളിലെ സുവിശേഷ വ്യാഖ്യാനവും പ്രസംഗവും**

- വചനബോധി – സീറോ മലബാർ
- വചനബോധി – ലത്തീൻ
- വചനബോധി – മലങ്കര

വാർഷിക വരിസംഖ്യ : ₹ 250
ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും
മതപഠനാധ്യാപകർക്കും: ₹ 150

വൈദികർ വരിസംഖ്യയ്ക്കു പകരം
5 കുർബാന നിയോഗം (കത്തയയ്ക്കുക)

സർക്കുലേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ബന്ധപ്പെടുക:
**ഫാ. തോമസ് കുഴിയടിച്ചിറ @ 9495439106**

വിലാസം

**കാരുണികൻ**
പെരുമാനൂർ പി. ഒ. എറണാകുളം – 682 015
ഫോൺ : 0484 – 2665233 ഫാക്സ് : 0484 – 2665433
e-mail : karunikan@rediffmail.com website: www.karunikan.com

www.malankaralibrary.com
May 2011 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment

# Bel-Air College of Nursing

**A project of Indian Red Cross Society in collaboration with the University of Illinois at Chicago, USA**

**(INC, MNC & MUHS Approved)**

**Applications are invited from female candidates**

## for Basic B. Sc. Nursing



**Entrance test & Interview on Sunday, 5th June 2011**

**at MCBS Provincial House, Kaduvakulam, Kottayam, Kerala**

**Director: Fr. Tomy K. MCBS, 09422606672**

**Bel-Air College of Nursing**
**Panchgani, Satara Dist: 412 805, Maharashtra**
**Ph: 02168 - 240085 Fax: 240084**
**Email:** bcon@sancharnet.in **Web:** www.belairpanchgani.org

**Managed by MCBS fathers & JMJ Sisters**

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil